399
VOL. 17 | ISSUE 11
Pages 12

# ഹാലേലൂയ്യ

1-15 JUNE, 2013 • ക്രൈസ്തവ ദ്വൈവാരിക

Published From Thiruvalla Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96

Price Rs. 10/-





സമാപനരാത്രിയിൽ പാസ്റ്റർ റ്റി.എസ്. ഏബ്രഹാം സന്ദേശം നൽകുന്നു. വേദിയിൽ പാസ്റ്റർ സാം ജോർജ്, പാസ്റ്റർ കെ.സി.ജോൺ, പാസ്റ്റർ ജേക്കബ് ജോൺ

# കുമ്പനാട്ട് ഉണർവ്വിന്റെ വേലിയേറ്റം

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ചരിത്രത്തിൽ സുവർണ്ണ ലിപികളിൽ എഴുതി ചേർക്കേണ്ടുന്ന നാൽപ്പതു ദിന ഉപവാസ പ്രാർത്ഥ മെയ് 25ന് സമാപിച്ചു. ഉണർവ്വിന്റെ നല്ല കാലത്തിലേക്ക് സഭ മടങ്ങിയെത്തുന്നത് കൺകുളിർക്കെ കണ്ടും അനുഭവിച്ചും ആയിരങ്ങൾ തങ്ങളുടെ സഭകളിലേക്ക് മടങ്ങി. ഉണർവ്വിന്റെ 'പകർച്ച' കളുമായി. ഐ.പി.സി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണും മറ്റ് നാൽപ്പത് പേരും 40 ദിവസം പൂർണ്ണമായും ഉപവസിച്ചു. അതോടൊപ്പം 21, 15, 10 7, 3 ദിനങ്ങൾ ഉപവസിച്ചവർ ആയിരങ്ങളാണ്. ഉപവാസത്തിനും പ്രാർത്ഥനക്കും ദൈവജനം കാത്തിരിക്കുകയായിരുന്നതിന്റെ തെളിവായി ജനം ഒഴുകിയെത്തിയപ്പോൾ പന്തൽ നാലുതവണ വിശാലമാക്കേണ്ടി വന്നു.

നാൽപ്പത് ദിവസങ്ങളിലായി അഞ്ഞൂറോളം ദൈവദാസന്മാർ ശുശ്രൂഷ നടത്തിയ ഉപവാസ പ്രാർത്ഥനയിൽ പല യോഗങ്ങളിലായി ഒരു ലക്ഷത്തിലധികം ആളുകൾ പങ്കെടുത്തതായി കണക്കാക്കുന്നു. ഐ.പി.സിക്ക് പുറത്ത് നിന്ന് വിവിധ പെന്തെക്കോസ്തു സഭാ നേതാക്കൾ യോഗങ്ങളിൽ പങ്കെടുത്ത് വചനശുശ്രൂഷ നടത്തി.

കൊച്ചുകുട്ടികൾ പ്രവചിക്കുന്നു, ജനങ്ങൾ മണിക്കൂറുകൾ ആത്മാവിൽ നൃത്തം ചവിട്ടുന്നു, പ്രവചനം, വെളിപ്പാട്, ആത്മപ്രേരിതമായ വചന ശുശ്രൂഷ, അത്ഭുത രോഗസൗഖ്യങ്ങൾ, ഭൂതബാധിതർ വിടുതൽ പ്രാപിക്കുന്നു, നിരവധിപ്പേർ ആത്മാഭിഷേകം പ്രാപിക്കുന്നു, സ്നാനപ്പെടുന്നു. നിരവധി യുവതീയുവാക്കൾ കർതൃശുശ്രൂഷക്കായി സ്വയം സമർപ്പിക്കുന്നു എന്നീ ആത്മീയ അനുഭവങ്ങൾ ദൃശ്യമായ ഉപവാസ പ്രാർത്ഥന വൻ ജനപങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായി.

ഉപവാസ പ്രാർത്ഥനയോടൊപ്പം ഐപി.സി. ജനറൽ സ്റ്റേറ്റ് കൗൺസിലുകൾ സംയുക്തമായി നടത്തുവാൻ പോകുന്ന വികസന പ്രവർത്തനങ്ങൾക്ക് അഭൂതപൂർവ്വമായ സാമ്പത്തിക പ്രവാഹമുണ്ടായതും എടുത്തുപറയേണ്ടതാണ്. സാധാരണക്കാർ വാട്ടുകപ്പ മുതൽ റബർഷീറ്റ്, കുടംപുളി, നെയ്യ്, വാച്ച് തുടങ്ങി മോട്ടോർ സൈക്കിളും, കാറും വരെ സഭയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി സംഭാവന നൽകി. ഒരു കൊച്ചു ബാലകൻ സൈക്കിൾ വാങ്ങാനായി ശേഖരിച്ച പണം കുമ്പനാട്ടെ സ്റ്റേജിൽ കൊണ്ടുവന്ന് കൊടുത്തതും ഒരു പാവപ്പെട്ട സ്ത്രീ തനിക്കുള്ള ഏക സമ്പാദ്യമായ രണ്ട് സെന്റ് ഭൂമി വിറ്റ് നൽകാൻ തയ്യാറായതും കണ്ടു നിന്നവരുടെ കണ്ണു നിറയിച്ചതാണ്. ഏകദേശം രണ്ടു കോടിയോളം രൂപയാണ് നാൽപ്പത് ദിവസം കൊണ്ട് പിരിഞ്ഞുകിട്ടിയത്.

ഉപവാസ പ്രാർത്ഥന ഇനി മേഖലാ തലത്തിലും സെന്റർതലത്തിലും ലോക്കൽതലത്തിലുമായി തുടരുമെന്നും സഭ ആത്മീയ നവോത്ഥാനത്തിലേക്ക് നയിക്കപ്പെടുവാൻ ഇത് മുഖാന്തരമാകുമെന്നും ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി. ജോൺ എന്നിവർ പ്രഖ്യാപിച്ചു.

# ബോൺ റ്റു സേർവ്വ്

## ഇമ്മാനുവേൽ ജനറേഷനു തുടക്കം



പാസ്റ്റർ റ്റി.എസ്. ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്നു.

**തിരുവല്ല:** ഇരുന്നൂറിലധികം പാസ്റ്റർമാരുടെ മക്കൾ ഒത്തുചേർന്ന് പ്രബുദ്ധ സദസിനെ സാക്ഷി നിർത്തി ഐ.പി.സി. സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ ടി.എസ്. ഏബ്രഹാം ഇമ്മാനുവേൽ ജനറേഷൻ ഉദ്ഘാടനം ചെയ്തു. പ്രേംജി എബനേസറും സിബി തങ്കച്ചനും നേതൃത്വം നൽകിയ സംഗീത വിരുന്നും ആരാധനയും പാസ്റ്റർ ജോൺസൺ വർഗീസിന്റെ സന്ദേശവും സമ്മേളനത്തെ വ്യത്യസ്തമാക്കി.

അസോസിയേഷൻ ഫോർ എംപവ്വറിംഗ് മിനിസ്റ്റേഴ്സ് ചിൽഡ്രൻ (AEMC) ജനറൽ പ്രസിഡന്റ് പാസ്റ്റർ വി.പി.ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ തിരുവല്ല ബിലിവേഴ്സ് ചർച്ച് യൂത്ത് സെന്ററിൽ നടന്ന സമ്മേളനത്തിൽ നിരവധി പേർ പാഴ്സനേജിലെ അനുഭവങ്ങൾ പങ്കുവച്ചു.

സിസ്റ്റർ സ്റ്റാർലാ ലൂക്, ഡോ. ജെസി ജെയിസൺ, സാംകുട്ടി ചാക്കോ, നിലമ്പൂർ, ഫ്ളെമി ഏബ്രഹാം, ഡോ. ആനി ജോർജ്, സാംകുട്ടി ജോൺ, ക്രിസ്റ്റഫർ വർഗീസ്, ഷിബു കെ. മാത്യു, സാം പനച്ചയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

ഇമ്മാനുവേൽ ജനറേഷൻ പ്രവർത്തനങ്ങളെക്കുറിച്ച് ജനറൽ സെക്രട്ടറി ഡോ. ജെയ്സൺ തോമസ് വിശദീകരിച്ചു. ഷെറിൻ ജേക്കബ്, സാംജി. കോശി, ജെസ്റ്റിൻ നെടുവേലിൽ, ജിബിൻ ജോൺസൺ തുടങ്ങിയവർ നേതൃത്വം നല്കി. പാസ്റ്റർ ജോമോൻ ജേക്കബ് സ്വാഗതവും ജിബിൻ ഫിലിപ്പ് നന്ദിയും പ്രകാശിപ്പിച്ചു. ഇമ്മാനുവേൽ ജനറേഷന്റെ അംഗത്വ ശേഖരണം സമ്മേളനത്തിൽ ഉദ്ഘാടനം ചെയ്തു.

ഫോട്ടോ പേജ് 5

# ഇനി കുമ്പനാട് കൺവൻഷൻ രണ്ടാഴ്ച

കുമ്പനാട്: ഇനി മുതൽ കുമ്പനാട് കൺവൻഷൻ തുടർമാനമായി രണ്ടാഴ്ച നടക്കും. കുമ്പനാട്ട് മെയ് 27ന് നടന്ന ജനറൽ കൗൺസിലാണ് ഈ തീരുമാനത്തിന് അംഗീകാരം നൽകിയത്. നാൽപ്പതു ദിന ഉപവാസ പ്രാർത്ഥനയുടെ സമാപനത്തോടനുബന്ധിച്ച് ജനറൽ സെക്രട്ടറി ഡോ.കെ.സി ജോൺ നടത്തിയ പ്രഖ്യാപനം കരഘോഷത്തോടെയാണ് വിശ്വാസ സമൂഹം സ്വീകരിച്ചത്.

ആദ്യ ആഴ്ച ഉപവാസ പ്രാർത്ഥനയായിട്ടായിരിക്കും ക്രമീകരിക്കുക. അതേത്തുടർന്ന് അവസാന എട്ടു ദിവസങ്ങൾ പതിവുപോലെ കൺവൻഷൻ നടക്കും. നവതി (90-ാം) കൺവൻഷനാണ് 2014-ൽ നടക്കുവാൻ പോകുന്നത്. കൺവൻഷനിൽ ഓപ്പറേഷൻ മൊബിലൈസേഷൻ സ്ഥാപകനും ലോകപ്രശസ്ത ഇവാഞ്ചലിസ്റ്റുമായ റവ.ജോർജ് വെർവർ മുഖ്യാതിഥിയായി പങ്കെടുക്കും.

# ഐ.പി.സി. ഉത്തർപ്രദേശ് സ്റ്റേറ്റ് ഭരണസമിതി നിലവിൽ വന്നു



പാസ്റ്റർ ജോർജ്ജ് വർഗീസ് മേക്കാട്ട്



പാസ്റ്റർ എം.ജെ. സാമുവേൽ



പാസ്റ്റർ സണ്ണി ജോർജ്ജ്



പാസ്റ്റർ യോഹന്നാൻ സാമുവേൽ



ജോസ് ജോർജ്ജ്

ജോൺപൂർ: യു.പി: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ഉത്തർപ്രദേശ് സ്റ്റേറ്റ് കൗൺസിൽ രൂപീകരിച്ചു. ഇതുവരെ അഞ്ചു സോണുകളായി പ്രവർത്തിച്ചിരുന്ന യുപിയിലെ പ്രവർത്തനങ്ങൾ ഒറ്റ സ്റ്റേറ്റ് കൗൺസിലിന്റെ കീഴിലാക്കുവാൻ ജനറൽ കൗൺസിൽ നേരത്തെ തീരുമാനിച്ചിരുന്നു. മെയ് 22-ന് ജനറൽ വൈസ് പ്രസിഡന്റ് റവ. ഡോ.ബേബി വർഗീസിന്റെ അധ്യക്ഷതയിൽ നടന്ന ജനറൽ ബോഡി സ്റ്റേറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു.

പാസ്റ്റർ ജോർജ്ജ് വർഗീസ് മേക്കാട്ട് പ്രസിഡന്റായും, പാസ്റ്റർ എം. ജെ.സാമുവേൽ വൈസ് പ്രസിഡന്റായും, പാസ്റ്റർ സണ്ണി ജോർജ്ജ് സെക്രട്ടറിയായും, പാസ്റ്റർ യോഹന്നാൻ സാമുവേൽ ജോയിന്റ് സെക്രട്ടറിയായും, ജോസ് ജോർജ്ജ് ട്രഷററായും തിരഞ്ഞെടുക്കപ്പെട്ടു. 153 സഭകളിൽ നിന്നായി 220 പ്രതിനിധികൾ ജനറൽ ബോഡിയിൽ പങ്കെടുത്തു. യു.പിയിലെ ഏറ്റവും വലിയ ഐ.പി.സി.സഭയായ ജോൺപൂർ സഭാ ഹാളിൽ വച്ചു നടന്ന ജനറൽ ബോഡിയുടെ തീരുമാനങ്ങൾ 27-ന് കുമ്പനാട്ട് നടന്ന ജനറൽ കൗൺസിൽ അംഗീകരിച്ചു.

സ്റ്റേറ്റ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജോർജ്ജ് വർഗീസ് മേക്കാട്ട് ഐ.പി.സി.സീനിയർ ശുശ്രൂഷകരിലൊരാളായ പാസ്റ്റർ എം.വി.വർഗീസിന്റെ പുത്രനാണ്. കഴിഞ്ഞ ആറു വർഷമായി യു.പിസെൻട്രൽ സോണിന്റെ ഡയറക്ടറായിരുന്നു അദ്ദേഹം. ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റേറ്റായ യു.പിയുടെ ഐ.പി.സി. പ്രസിഡന്റായ പാസ്റ്റർ ജോർജ്ജ് വർഗീസുമായി ഹാലേലുയ്യാ നടത്തിയ അഭിമുഖം പേജ് ഏഴിൽ വായിക്കുക.

# അദ്ധ്വാനവും വിശ്വാസവും

*മുന്തിരിത്തോട്ടത്തിലെ വേലക്കാർ എന്ന ഗ്രന്ഥത്തിൽ നിന്നും*

നവോത്ഥാനത്തിന്റെ (Reformation) പിതാവു എന്നറിയപ്പെടുന്ന മാർട്ടിൻ ലൂഥർ (Martin Luther) വിശ്വാസത്താലുള്ള നീതീകരണത്തെക്കുറിച്ച് (Justification by faith) വെളിപ്പാടു പ്രാപിച്ചു. റോമിലെ സിസ്റ്റൈൻ ചാപ്പലിൽ (Cistine Chapel) നിന്നും കാൽമുട്ടുകളാൽ കോണിപ്പടികൾ ഇറങ്ങുമ്പോഴായിരുന്നു ആ ശബ്ദം ഇടിമുഴക്കം പോലെ ശ്രവിച്ചത് "ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല" (റോമ. 3:20). എന്നാൽ വിശുദ്ധ യാക്കോബിന്റെ ലേഖനം (Epistle of James) വായിച്ചപ്പോൾ വിശ്വാസത്തോടു കൂടിയ പ്രവൃത്തിയെക്കുറിച്ചു മനസ്സിലായി. ശരിയായ വിശ്വാസം ശരിയായ പ്രവൃത്തി ചെയ്യാൻ പഠിപ്പിക്കും. "ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ'' (റോമ. 12:11) എന്ന വചനം ദൈവജനം എത്ര കർമ്മനിരതർ ആയിരിക്കേണമെന്നു നമ്മെ പഠിപ്പിക്കുന്നു.

വിശ്വാസത്താൽ മുന്തിരിത്തോട്ടം അനുഭവം തരും എന്നു വൃഥാ ചിന്തിക്കാതെ ഉപമയുടെ ആഴം ഗ്രഹിക്കേണ്ടതാണ്. ഒരിക്കൽ ക്ഷണിക്കപ്പെട്ട ഒരു യോഗത്തിന് ഞാൻ അല്പം നേരത്തെ തന്നെ എത്തി കാത്തിരുന്നു. സമയം കഴിഞ്ഞിട്ടും നോട്ടീസിൽ കണ്ടതുപോലെ രജിസ്ട്രേഷൻ ഡെസ്കോ (Registration Desk) മറ്റു പരിപാടികളോ ഒന്നും കാണുന്നില്ല. ഒരു മീറ്റിംഗ് ഉണ്ടെന്ന പ്രതീതി പോലും തോന്നാതിരുന്നതിനാൽ ബന്ധപ്പെട്ടവരെ തിരക്കി. ആരും ഇല്ല. ഒരു ഹാൾ തുറന്നു കിടപ്പുണ്ട്. കുറെ സമയം കഴിഞ്ഞു വന്ന ആ സംഘാടകന്റെ സരസമായ മറുപടി "ആഹാ അതൊക്കെ വിശ്വാസത്താൽ നോട്ടീസിലടിച്ചതല്ലേ" എന്നായിരുന്നു. ഞാൻ ചെറുതായി ഞെട്ടിപ്പോയി. ഗ്രേയ്സ് കൗൺസലിംഗ് സെന്ററിന്റെ ഉദ്ഘാടനം ഏതാനും ദിവസങ്ങൾക്കു മുൻപു കഴിഞ്ഞതേയുള്ളു. ആ ഒരു ദിവസത്തേക്കുള്ള അദ്ധ്വാനവും പ്രാർത്ഥനയും ഉറക്കിളപ്പുമെല്ലാം കൺമുൻപിൽ മാറാതെ നിൽക്കുമ്പോഴാണ് ഇത്തരമൊരു പരസ്യ പ്രസ്താവന! മാത്രമല്ല ഒരു മന:ശാസ്ത്ര ബിരുദാനന്തര ബിരുദ പരീക്ഷയുടെ ഇടയ്ക്കായിരുന്നു പ്രസ്തുത യോഗം എന്നതിനാൽ വളരെ തിരക്കുള്ള സമയവുമായിരുന്നു. ഇതെന്തൊരു ഭോഷത്വം? പ്രവൃത്തി ഇല്ലാത്ത വിശ്വാസം നിർജ്ജീവമല്ലേ? (യാക്കോബ് 2:26). ഒരു യോഗത്തിനെങ്കിലും വിശ്വാസത്താൽ ജനം വരുമോ? പുത്രന്റെ കല്യാണത്തിനു ക്ഷണിച്ചവരെ വിളിക്കേണ്ടതിനു രാജാവു വീണ്ടും ദാസന്മാരെ അയച്ചില്ലേ? (മത്താ. 22:1). ഒരു സുവിശേഷ യോഗത്തിനു നോട്ടീസടിച്ചതു കൊണ്ടു മാത്രം ജനം വരുമോ? 'വിശ്വാസം' എന്നാൽ എന്താണ്? അദ്ധ്വാനിക്കാതെ ഫലം പ്രതീക്ഷിക്കുന്നതാണോ വിശ്വാസം? ഒന്നു മനസ്സിലായി. ആ മാന്യ വ്യക്തി ഉപമ വായിച്ചിട്ടുമില്ല, ഗ്രഹിച്ചിട്ടുമില്ല. മിനക്കെട്ടു നിന്ന ഇതേ പോലെയുള്ളവർ മുന്തിരിത്തോട്ടത്തിലിറങ്ങിയാലുള്ള അവസ്ഥ! ഇവരെയൊക്കെ വിളിച്ചു പോയല്ലോ എന്നായിരിക്കും യജമാനന്റെ വിലാപം. ഇങ്ങനെയുള്ള ഒരു കൂട്ടം 'അവിശ്വാസികളും' 'നിഷ്ക്രിയരുമായ' വേലക്കാർ തോട്ടത്തിലിറങ്ങിയാൽ വേല പൊളിയാതിരിക്കുമോ? ഇവരെയൊക്കെ നോക്കി കർത്താവു പറഞ്ഞു "കള്ളന്മാരുടെ ഗുഹ"! മുന്തിരിവള്ളിയെ നശിപ്പിക്കുന്ന ചെറു കുറുക്കന്മാർ തന്നെയാണിവർ. ഉപമ വായിച്ചിട്ടില്ലാത്തവരും, ഉപമയുടെ പൊരുൾ ഗ്രഹിച്ചിട്ടില്ലാത്തവരുമായ വേലക്കാരല്ലേ പലപ്പോഴും മുന്തിരിത്തോട്ടത്തിൽ വിലസുന്നത്?

മുന്തിരിത്തോട്ടത്തിലെ വേല നടക്കണമെങ്കിൽ അന്ധമായ വിശ്വാസമല്ല (blind faith) വേണ്ടത്. അത്തരം വിശ്വാസത്തെ 1. പൊള്ളയായ വിശ്വാസം (Shallow faith) എന്നോ, 2. വില കുറഞ്ഞ വിശ്വാസം (Cheap faith) എന്നോ, 3. ഉപരിപ്ലവമായ വിശ്വാസം (Superfluous faith) എന്നൊക്കെയോ പറയാം. എന്നാൽ സമ്പൂർണ്ണമായ വിശ്വാസം എന്നത് പ്രവൃത്തിയോടുകൂടിയ വിശ്വാസമാണ്.

വിശ്വാസത്തിൽ പ്രവൃത്തി അടങ്ങിയിരിക്കുന്നു. ചന്ദ്രരോഗിയായ ബാലനെ സൗഖ്യമാക്കുവാൻ ശിഷ്യന്മാർക്കു കഴിയാഞ്ഞത് എന്ത് എന്ന്



*ഗ്രേയ്സമ്മ ഡേവിഡ്*

യേശുവിനോടു ചോദിച്ചപ്പോൾ യേശുവിന്റെ മറുപടി, "നിങ്ങളുടെ അല്പവിശ്വാസം നിമിത്തമത്രെ; നിങ്ങൾക്കു കടുകു മണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു ഇവിടെ നിന്നു അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും. നിങ്ങൾക്ക് ഒന്നും അസാദ്ധ്യമാവുകയുമില്ല. എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" എന്നു പറഞ്ഞു. വിശ്വാസത്തിനു വീര്യം കൂട്ടുന്നതാണല്ലോ പ്രാർത്ഥനയും ഉപവാസവും (മത്താ. 17:20–21).

നമ്മുടെ പിതാവായ അബ്രാഹാം തന്റെ മകനായ യിസ്ഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചിട്ട് പ്രവൃത്തിയാൽ അല്ലയോ നീതീകരിക്കപ്പെട്ടത്? (യാക്കോ. 2: 21–22). വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശു ദൈവരാജ്യം പ്രസംഗിക്കുകയും പ്രാർത്ഥിക്കുകയും ഉപവസിക്കുകയും അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുകയും, ക്രൂശുമരണം വരിക്കുകയും ചെയ്തതു വൃഥാവാണോ? മുന്തിരിത്തോട്ടത്തിന്റെ ഉടയവനായ കർത്താവ് അഥവാ ഉപമയിൽ പറഞ്ഞിരിക്കുന്ന മഹാനായ വീട്ടുടയവൻ "നിലം ഉഴുതു വരട്ടെ, മുന്തിരിങ്ങ കായ്ക്കട്ടെ'' എന്നിങ്ങനെ അർത്ഥശൂന്യമായ പ്രസ്താവനകൾ പുറപ്പെടുവിച്ചാൽ മതിയായിരുന്നില്ലേ? യജമാനൻ തന്നെ നന്നാ രാവിലെ ഇറങ്ങി വേലക്കാരെ വിളിക്കേണ്ട ആവശ്യം ഇല്ലായിരുന്നല്ലോ. വിശ്വാസവും അദ്ധ്വാനവും ഒരുമിച്ചു പോകുമ്പോഴാണ് വിജയം.

മുന്തിരിത്തോട്ടത്തിൽ ചില പ്രത്യേകതരം ജോലികളാണുള്ളത്. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ ഉപമ അതു വ്യക്തമാക്കുന്നു.

**1. മുന്തിരിത്തോട്ടം നട്ടുണ്ടാക്കുക.**

ഇതിന് നിലം ഉഴുതു, കട്ട ഉടെച്ചു നിരപ്പാക്കി, വയൽ കൃഷിക്ക് ഉപയുക്തമാക്കേണ്ടതാണ്. വളരെ സമർപ്പണത്തോടെ ചെയ്യേണ്ട ഒരു കർത്തവ്യമാണിത്. ഈ ജോലിക്കു ഉടമസ്ഥന്റെ ആത്മാർത്ഥമായ മേൽനോട്ടവും അദ്ധ്വാനവും ആവശ്യമാണ്. ഇപ്രകാരം ഉപയുക്തമാക്കിയ നിലത്തിലാണ് മുന്തിരിത്തോട്ടം നട്ടുണ്ടാക്കുന്നത്. അതിന് ആവശ്യമായ വളവും, വെള്ളവും,സംരക്ഷണവും നൽകുന്നതു തോട്ടമുടമയുടെ ഉത്തരവാദിത്വമാണ്.

**2. അതിനു ചുറ്റും വേലി കെട്ടുക**

മുന്തിരിത്തോട്ടമുണ്ടാക്കുവാൻ തിരഞ്ഞെടുക്കുന്ന നിലത്തിനു ചുറ്റും ഏതാണ്ട് രണ്ടടി താഴ്ചയിലും, മൂന്നോ നാലോ അടി അകലത്തിലും വേലിക്കമ്പുകൾ കുഴിച്ചിട്ട് തോട്ടത്തെ വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനായി വേലി കെട്ടുന്നു.

**3. അതിൽ ചക്കു കുഴിച്ചിടുക**

കല്ലിൽ കൊത്തിയുണ്ടാക്കിയ ഒരു മുന്തിരിച്ചക്കു പ്രസ്തുത തോട്ടത്തിൽ സ്ഥാപിക്കാറുണ്ട്. അതിലുള്ള ഒരു പാത്രത്തിലേക്കു മുന്തിരി ഇട്ടു കൊടുത്താൽ അടിയിലുള്ള സുഷിരത്തിൽ കൂടി മുന്തിരിച്ചാറു മറ്റൊരു ടാങ്കിനുള്ളിൽ വീഴുന്നു. മുന്തിരി ചക്കിലിട്ടു കൊടുത്തിട്ട് ചാറു മുഴുവൻ ലഭിക്കത്തക്ക വണ്ണം കൈ വൃത്തിയായി കഴുകിയശേഷം ഉടെച്ചു കൊടുക്കുന്നു. ഇത് വളരെ ഉത്സാഹത്തിമിർപ്പോടും പാട്ടോടും ആണു ചെയ്യുന്നത്. ഈ ചാറു മുഴുവൻ മറ്റു മൺപാത്രങ്ങളിലേക്കു പകരുകയും ഭൂമിക്കടിയിൽ കുഴിച്ചു വെക്കയും ചെയ്യുന്നു. ഈ മുന്തിരി ശേഖരണം ഒരുത്സവകാലം തന്നെയാണ്.

**4. ഗോപുരം പണിയുക**

മുന്തിരിത്തോട്ടം ചിലപ്പോൾ ഉടമസ്ഥന്റെ വാസസ്ഥലത്തു നിന്നും ദൂരെയായിരിക്കാം. അങ്ങനെയെങ്കിൽ, മുന്തിരിക്കൊയ്ത്താകുമ്പോഴേക്കും ഉടമസ്ഥൻ തന്റെ തോട്ടത്തിൽ ഒരു ഗോപുരം കൂടി പണിയുന്നു. ഗോപുരത്തിന്നു മുകളിൽ നിന്നു നോക്കി തോട്ടം മുഴുവൻ കാണുവാൻ കഴിയുന്ന സംവിധാനമാണിത്. ഗോപുരത്തിനു ചെറിയ വാതായനങ്ങളും ഉണ്ടാവും. രാത്രിയിൽ തോട്ടം കാക്കുന്നതിനു വേണ്ടിയുള്ള സംവിധാനമാണിത്.

**5. ദാസന്മാരെ അയച്ചു**

മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ തന്റെ തോട്ടം കുടിയാന്മാരെ പാട്ടത്തിന്നു ഏല്പിച്ചിട്ടു ദൂരെ ദേശത്തേക്കു പോകുന്നു. തോട്ടത്തിന്റെ ഫലശേഖരണ കാലമാകുമ്പോൾ അതിന്റെ വിളവു പണമായോ, മുന്തിരിയായോ എടുക്കാനായി തന്റെ ദാസന്മാരെ അയയ്ക്കുന്ന പതിവുണ്ടായിരുന്നു. മുന്തിരിത്തോട്ടത്തിന്റെ സന്ധാരണത്തിന് ധാരാളം വേലക്കാരെ ആവശ്യമാണ്.

പ്രവാചകനായ യെശയ്യാവും ഒരു മുന്തിരിത്തോട്ടത്തിന്റെ വിവരണം നല്കുന്നു. മുന്തിരിത്തോപ്പ് ഒരുക്കുന്നതാണു ഈ വിവരണം. യെശയ്യാവിന്റെ പ്രവചനം 5–ാം അദ്ധ്യായത്തിൽ വിവരിക്കുന്ന മുന്തിരിത്തോട്ടത്തിന്റെ സ്ഥാനം തന്നെ ഏറ്റവും ഫലവത്തായൊരു കുന്നിന്മേൽ ആയിരുന്നു. തോട്ടത്തിലെ അദ്ധ്വാന രീതികളെപ്പറ്റി പ്രവാചകൻ വിവരിക്കുന്നത് തോട്ടത്തിന്റെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്നു.


1. വേലികെട്ടി
2. കല്ലുപെറുക്കിക്കളഞ്ഞു.
3. നല്ല വക മുന്തിരിവള്ളി നട്ടു.
4. നടുവിൽ ഒരു ഗോപുരം പണിതു
5. ഒരു ചക്കും ഇട്ടു
6. മുന്തിരിങ്ങ കായ്ക്കും എന്നു അവൻ കാത്തിരുന്നു. ഇവയെല്ലാം മുന്തിരിത്തോട്ടത്തിലെ വിവിധ വേലകളുടെ ശൈലിയും, വേലക്കാരുടെ പങ്കും വെളിവാക്കുന്നു.

ഒരു ഫലം ലഭിക്കണമെങ്കിൽ അതിന്നു പിന്നിൽ കഠിനമായ അദ്ധ്വാനം ആവശ്യമാണ്. ഒരു വിജയവും അനായാസമല്ലല്ലോ. വിജയത്തിന്റെ താക്കോൽ കഠിനാദ്ധ്വാനമാണ് (Hardwork is the key to success).

## പുതിയ പുസ്തകം

### മുന്തിരിത്തോട്ടത്തിലെ വേലക്കാർ

*ഗ്രേയ്സമ്മ ഡേവിഡ്*



കേരളാ ഗവണ്മെന്റ് സർവ്വീസിലെ ജോലി ഉപേക്ഷിച്ച് പൂർണ്ണ സമയ കർതൃശുശ്രൂഷ ചെയ്യുന്ന സിസ്റ്റർ ഗ്രേയ്സമ്മ ഡേവിഡിന്റെ ജീവിതാനുഭവങ്ങളുടെയും പഠനത്തിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗ്രന്ഥമാണ് മുന്തിരിത്തോട്ടത്തിലെ വേലക്കാർ എന്ന ഗ്രന്ഥം. മത്താ 20:1–16 വരെ യേശു പറഞ്ഞ മുന്തിരിത്തോട്ടത്തിന്റെ ഉപമയെ അടിസ്ഥാനമാക്കി പ്രസാദാത്മക ചിന്തകളും സുവിശേഷ വേലയുടെ നിസ്തുലതയും പങ്കുവെയ്ക്കുന്ന ഗ്രന്ഥം.

വിലാസം: പ്രസ്ബിറ്റേറിയൻ ഫൗണ്ടേഷൻ, കെ.പി റോഡ്, കായംകുളം 690502

## സി.സി.വൈ.എം. സംസ്ഥാന ക്യാമ്പ് സമാപിച്ചു

കല്ലിശ്ശേരി: എച്ച്.എം.ഐ. യുവജന വിഭാഗമായ സി.സി.വൈ.എം. സംസ്ഥാന ക്യാമ്പ് മെയ് 7–9 വരെ അടൂർ മാർത്തോമാ യൂത്ത് സെന്ററിൽ നടന്നു. പ്രൊഫ.ഡോ.ടി.സി.കോശി ഉദ്ഘാടനം ചെയ്തു. "സുവിശേഷ ദീപവുമായ്'' എന്ന തീം സ്റ്റേറ്റ് കോ–ഓർഡിനേറ്റർ ഇവാ. ടൈറ്റസ് മത്തായി അവതരിപ്പിച്ചു. വിവിധ സെഷനുകളിൽ എച്ച്.എം.ഐ. യു.എസ് നാഷണൽ കോ–ഓർഡിനേറ്റർ ഇവാ. വില്യം ഡാനിയേൽ, ഡയറക്ടർ പാസ്റ്റർ എം.പി. ജോർജ്ജുകുട്ടി, പാസ്റ്റർ വി.പി. ഫിലിപ്പ്, ഡോ. സജി കെ.ഡി, ഡോ. സാബു എസ്. ഫിലിപ്പ്, പാസ്റ്റർ അഭിലാഷ് നെയ്യാറ്റിൻകര, ജിഫി യോഹന്നാൻ, ഇവാ. പി.സി. തോമസ്, ഇവാ. ടി.സി. മത്തായി, ഇവാ. ജോൺ പി. നൈനാൻ, സി.സി.വൈ.എം. നാഷണൽ കോ–ഓർഡിനേറ്റർ പാസ്റ്റർ ജോൺ പി. തോമസ് വെണ്ണിക്കുളം തുടങ്ങിയവർ ക്ലാസ്സെടുത്തു.

## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലൂയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000

## ഭാരവാഹികൾ

ഉപ്പുതറ: ഐ.പി.സി.ഉപ്പുതറ സെന്ററിന്റെ ഭാരവാഹികളായി പാസ്റ്റർ കെ.വി.വർക്കി (പ്രസിഡന്റ്), പാസ്റ്റർ ടി.എസ്.ഫിലിപ്പ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഈശോ തോമസ് (സെക്രട്ടറി), പി.വി.തങ്കച്ചൻ (ട്രഷറാർ), പാസ്റ്റർ സുനിൽ വി.ജോൺ (പബ്ലിസിറ്റി കൺവീനർ) എന്നിവരെയും പാസ്റ്റർ കെ.ജെ.ജോസഫുകുട്ടി, വൈ. ലാസർ, ആമോസ്, ധനപാൽ എന്നിവരെ കമ്മറ്റി അംഗങ്ങളായും തിരഞ്ഞെടുത്തു. സ്പോൺസർ മിനിസ്റ്ററായി ജോൺ തോമസ് കൊടുന്തറ സേവനമനുഷ്ഠിക്കുന്നു.

## നിലമേൽ ഏരിയ കൺവൻഷൻ

നിലമേൽ: ഐ.പി.സി നിലമേൽ ഏരിയയുടെ പ്രഥമ കൺവൻഷൻ ആഗസ്റ്റ് 8–11 വരെ മടത്തറ പഞ്ചായത്ത് ഗ്രൗണ്ടിൽ നടക്കും. ഏരിയ കൺവീനർ പാസ്റ്റർ ജി. തോമസ്കുട്ടി ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ ജോൺസൺ മേമന, തോമസ് ഫിലിപ്പ് , ഫിലിപ്പ് പി. തോമസ്, കെ.സി. തോമസ്, എം.ഒ.തോമസ്കുട്ടി, സുവി.ജോസ് കെ. വർഗീസ് എന്നിവർ പ്രസംഗിക്കും.


ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി
(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)
പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ
ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ
എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



പാസ്റ്റർ റോയി പൂവക്കാല
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939

PRAYER CELL
പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.
Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

## യാത്രക്കിടയിൽ

# വീഴ്ചയുടെ കഥകൾ

സാംകുട്ടി ചാക്കോ
നിലമ്പൂർ



വീഴ്ച എന്നു കേൾക്കുമ്പോൾ പെട്ടെന്ന് ഓർമ്മയിലേക്കോടിക്കയറുന്നത് ആശാരിയുപദേശിയുടെ പ്രസിദ്ധമായ ഒരു വാചകമാണ്. "ആശാരി വീണു. വീണിടത്തു നിന്ന് എഴുന്നേറ്റു. പലരും വീണിടത്തു തന്നെ കിടക്കുകയാ."

കഴിഞ്ഞ ദിവസം കുമ്പനാട്ട് ഉപവാസ പ്രാർത്ഥനക്കിടയിൽ പ്രസംഗിക്കവേ പാസ്റ്റർ ബാബു ചെറിയാൻ പറഞ്ഞ രസകരമായൊരു കാര്യം: 'അന്തരീക്ഷം' എന്ന വാക്കിന് പെന്തെക്കോസ്തുകാരുടെ ഇടയിൽ പ്രത്യേക അർത്ഥമാണുള്ളത്. പൊതു ലോകത്തുള്ളവർ ഇന്നത്തെ അന്തരീക്ഷം എങ്ങനെയുണ്ടായിരുന്നു എന്ന ചോദ്യം കേട്ടാൽ -മഴയുടെയോ വെയിലിന്റെയോ കാര്യം പറയും. എന്നാൽ പെന്തെക്കോസ്തുകാരുടെ പദാവലിയിൽ അന്തരീക്ഷമെന്നതിന് 'ആത്മീയ നിലവാരം' എന്നാണർത്ഥം.

നാം ഇങ്ങനെ അർത്ഥവ്യത്യാസം വരുത്തിയിട്ടുള്ള ഒട്ടനവധി പദങ്ങളുണ്ട്. അതിൽ ചിലതാണ് വീഴ്ച, ബലഹീനത എന്നിവ. ഏതായാലും പെന്തെക്കോസ്തു അർത്ഥത്തിലുള്ള വീഴ്ചയെക്കുറിച്ചല്ല ഞാനിപ്പോൾ എഴുതാൻ പോകുന്നത്. കഴിഞ്ഞ ദിവസം അക്ഷരാർത്ഥത്തിൽ ഞാൻ വീണു. നെറ്റിയിൽ ചെറിയൊരു മുറിവുമുണ്ടായി. ആ വീഴ്ചയുടെ കഥ അവസാനം പറയാം. എന്നാൽ ആ വീഴ്ചയുടെ ആഘാതത്തിൽ എനിക്കുണ്ടായ പഴയ ചില വീഴ്ചകളെക്കുറിച്ച് ഞാനോർത്തു. സൈക്കിളിൽ നിന്ന് വീണ കഥ പണ്ട് ഇതേ പംക്തിയിൽ എഴുതിയിട്ടുള്ളതിനാൽ ആവർത്തിക്കുന്നില്ല. ഇത് പുരപ്പുറത്തു നിന്ന് വീണ കഥയാണ്.

സംഭവം നടന്നത് പത്തു വർഷം മുമ്പ്. കോട്ടയം മാങ്ങാനത്തു വച്ചാണ്. 19-ാം വയസ്സിൽ കോട്ടയത്ത് ഗുഡ്ന്യൂസിൽ ജോലിക്കെത്തിയതു മുതൽ 13 വർഷം ഞാൻ കോട്ടയത്ത് താമസിച്ചു. ആ കാലഘട്ടത്തിനിടയിൽ 13 വീടുകളിൽ താമസിച്ചു. ഗുഡ്ന്യൂസുകാർ വാടകക്കെടുത്തവയും, ഞാൻ വാടകക്കെടുത്തതും സൗജന്യമായി താമസിച്ച ഇടങ്ങളുമൊക്കെ ഇക്കൂട്ടത്തിൽപ്പെടും. അതായത് കൂടെക്കൂടെ വീടു മാറി താമസിക്കുവാനുള്ള മഹാഭാഗ്യം! ലഭിച്ചവനാണ് ഞാൻ. തിരുവല്ലയിൽ വന്ന ശേഷം നാലു വാടകവീടുകളിൽ താമസിച്ചു.

കോട്ടയത്ത് അവസാനമായി താമസിച്ചത് മാങ്ങാനം മന്ദിരം ആശുപത്രിയുടെ സമീപത്താണ്. അവിടെ വിദേശികൾ പണിത ഒരു പഴയ വീട്. ധാരാളം മുറികൾ വിശാലമായ ഒരു ഡൈനിംഗ് റൂം എല്ലാമുണ്ട്. ആ വീടിന്റെ കുറേ ഭാഗം അടച്ചിട്ടിരിക്കുകയാണ്. വീടിന് സാധാരണ വീടുകളേക്കാൾ ഉയരമുണ്ട്. പ്രത്യേകിച്ച് ഡൈനിംഗ് ഏരിയായ്ക്ക് മറ്റ് മുറികളേക്കാൾ ഡബിൾ ഹൈറ്റിലാണ് പണിതിരിക്കുന്നത്.

**ചെറുപ്പം മുതൽ പട്ടി, പൂച്ച തുടങ്ങി ഒരുവിധപ്പെട്ട എല്ലാ ജീവികളെയും എനിക്കിഷ്ടമാണ്. ഫെയ്ത്തു ഹോമിൽ താമസിച്ചിരുന്നതിനാൽ പട്ടിയെയോ പൂച്ചയെയോ വളർത്താൻ ഞങ്ങൾക്ക് അനുവാദമില്ലായിരുന്നു. ആട്, മുയൽ, കോഴി എന്നിവ ചില കാലങ്ങളിൽ ഞങ്ങളുടെ ഫെയ്ത്ഹോമിലുണ്ടായിരുന്നു.**

വീടിന്റെ റൂഫിൽ കുറേ ഭാഗം ഓടിട്ടതും, കുറേ ഭാഗം വാർത്തതും മറ്റു കുറേ ഭാഗം ആസ്ബസ്റ്റോസ് ഷീറ്റുമാണ്. ഓടും ആസ്ബസ്റ്റോസും ഇട്ട ഭാഗങ്ങളിൽ തടി കൊണ്ടും ആസ്ബസ്റ്റോസ് പാളികൾ കൊണ്ടും സീലിങ്ങുമുണ്ട്. ഈ സീലിങ്ങിനിടയിൽ ധാരാളം മരപ്പട്ടികൾ (Palmcat) താമസമാക്കിയിട്ടുണ്ട്. രാത്രിയിൽ ഇവയുടെ ഓട്ടവും ചാട്ടവും കൊണ്ട് തട്ടുമ്പുറത്തു നിന്ന് വലിയ ശബ്ദം കേൾക്കാം. സാധാരണ ഗതിയിൽ പകൽ മരപ്പട്ടികൾ നിശബ്ദരാണ്. അങ്ങനെയിരിക്കെ വീടിന്റെ സീലിങ്ങിൽ നിന്ന് അതുവരെ കേൾക്കാത്ത ചില ശബ്ദങ്ങൾ കേട്ടുതുടങ്ങി. പകൽ നേരത്തും ചെറിയ കരച്ചിലും അനക്കവുമുണ്ട്. മരപ്പട്ടിക്ക് കുഞ്ഞുങ്ങൾ ഉണ്ടായിരിക്കുന്നുവെന്ന് ഞങ്ങൾക്ക് മനസ്സിലായി.

ചെറുപ്പം മുതൽ പട്ടി, പൂച്ച തുടങ്ങി ഒരുവിധപ്പെട്ട എല്ലാ ജീവികളെയും എനിക്കിഷ്ടമാണ്. ഫെയ്ത്തു ഹോമിൽ താമസിച്ചിരുന്നതിനാൽ പട്ടിയെയോ പൂച്ചയെയോ വളർത്താൻ ഞങ്ങൾക്ക് അനുവാദമില്ലായിരുന്നു. ആട്, മുയൽ, കോഴി എന്നിവ ചില കാലങ്ങളിൽ ഞങ്ങളുടെ ഫെയ്ത്ഹോമിലുണ്ടായിരുന്നു.

ഞാൻ കല്യാണം കഴിച്ച ശേഷം ആദ്യം ചെയ്തത് ഞാനും പ്ലൻസിയും താമസിക്കുന്ന ഒറ്റ മുറി വീട്ടിൽ ഒരു അക്വേറിയം സ്ഥാപിക്കുകയായിരുന്നു. പിന്നീട് നല്ലയിനം ചില നായ്ക്കൾ, മുയലുകൾ, ഗിനി പിഗ്, പാത്ത, വെള്ള എലി, ലൗ ബേർഡ്സ്, തത്ത, അണ്ണാൻ, കീരി തുടങ്ങിയ ജീവികളെയെല്ലാം ഞാൻ വളർത്തിയിട്ടുണ്ട്.

മരപ്പട്ടിയുടെ കുഞ്ഞിനെ കിട്ടിയാൽ വളർത്താമെന്ന മോഹത്തിൽ ഞാൻ വീടിന്റെ മുകളിൽ കയറി. ആദ്യഭാഗം കോൺക്രീറ്റ് ടെറസായിരുന്നു. അവിടെ നിന്ന് ഓടുമേഞ്ഞ മേൽക്കൂരയിൽ കയറി. വളരെ സൂക്ഷിച്ച് പുരയുടെ മുകളിലൂടെ ഞാൻ നടന്നു. ഒടുവിൽ ഓടിന്റെ പുറത്തു നിന്ന് ഡൈനിംഗ് റൂമിന്റെ മുകൾ ഭാഗത്തേക്ക് എടുത്തൊരു ചാട്ടം. ആ ഭാഗം കോൺക്രീറ്റാണെന്ന ധാരണയിലായിരുന്നു ഞാൻ ചാടിയത്. പക്ഷേ അത് പഴയ ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ ഭാഗമായിരുന്നു. എന്റെ ചാട്ടത്തിന്റെ ശക്തിയിൽ ആസ്ബസ്റ്റോസ് പൊട്ടി ഞാൻ നേരെ താഴേക്ക്. തൊട്ടു താഴെ ആസ്ബസ്റ്റോസ് കൊണ്ടുള്ള സീലിംഗും തകർത്ത് ഞാൻ നേരെ ഡൈനിംഗ് റൂമിൽ ചെന്നു വീണു. വലിയൊരു ഡൈനിംഗ് ടേബിൾ കിടക്കുന്നതിന്റെ സൈഡിൽ കസേരയുടെ തൊട്ടടുത്താണ് ഞാൻ ചെന്നു പതിച്ചത്. പതിനെട്ട് അടിയെങ്കിലും ഉയരത്തിൽ നിന്നായിരുന്നു വീഴ്ച. പഴയ ആസ്ബസ്റ്റോസ് ഷീറ്റും സീലിംഗിന് ഉപയോഗിച്ച ഷീറ്റും പൊട്ടിയാണ് ഞാൻ താഴേക്ക് പതിച്ചത്. എന്റെ ശരീരത്തിന്റെ രണ്ടു വശത്തും ആസ്ബസ്റ്റോസ് ഷീറ്റിന്റെ പൊട്ടുകൾ കൊണ്ടു കയറി. ശരീരം മുഴുവൻ ആസ്ബസ്റ്റോസ് ഉരഞ്ഞു കീറി. ഏതായാലും താഴെ കിടന്നിരുന്ന മേശയിലോ കസേരയിലോ തല ഇടിക്കാതെ ഞാൻ തറയിലെത്തി. കാലോ കയ്യോ ഒടിഞ്ഞില്ല.

നമ്മുടെ അറിവില്ലായ്മ കൊണ്ടും ശ്രദ്ധയില്ലായ്മ കൊണ്ടുമൊക്കെ സംഭവിക്കുന്ന അനർത്ഥങ്ങൾ വ്യസനകാരണമാകാതെ പ്രാണനെ മരണത്തിൽ നിന്ന് വീണ്ടെടുക്കുന്ന ദൈവകരങ്ങൾ എന്നെ താങ്ങിയില്ലായിരുന്നെങ്കിൽ ആ വീഴ്ചയുടെ കഥയെഴുതുവാൻ എനിക്കാവുമായിരുന്നില്ല.

അതിനേക്കാൾ ഭയാനകമായ ഒരു കാര്യം പിന്നീടാണറിഞ്ഞത്. എന്റെ മോൾ നേഹക്ക് അന്ന് ഒന്നര വയസ് പ്രായം. എപ്പോഴും അവൾ അടുക്കളയിലേക്കും ഫ്രണ്ട് റൂമിലേക്കും ഓടുന്ന വഴിയിലാണ് ഞാൻ വന്നു വീണത്. ഞാൻ താഴെയെത്തുന്നതിന് മിനിറ്റുകൾക്ക് മുമ്പ് അവൾ അതേ സ്പോട്ടിലിരുന്ന് കളിക്കുകയായിരുന്നു. തമ്പുരാന്റെ പരിപാലനത്തെ വർണ്ണിക്കുവാൻ എന്റെ പേനക്കുള്ള പരിമിതി ഞാൻ തിരിച്ചറിയുന്നു.

ഏതായാലും പിന്നീടെനിക്ക് മൂന്ന് മരപ്പട്ടിക്കുഞ്ഞുങ്ങളെ കിട്ടി. ഞാനവയെ കുറേക്കാലം വളർത്തി. അവ നന്നായി ഇണങ്ങിയിരുന്നു. ഞങ്ങൾ അതിനെ തുറന്നു വിട്ടു. അവ പുറത്തു പോകയും അകത്തു വരികയും ചെയ്തു കൊണ്ടിരുന്നു. ഒരു പെരുമഴക്കാലത്ത് രാത്രിയിൽ അവ ഞങ്ങളെ വിട്ടുപോയി. കരകവിഞ്ഞൊഴുകിയ തോട്ടിൽ പെട്ടുപോയതായിരിക്കാം.

ദാവീദിന്റെ സങ്കീർത്തനം അൽപ്പം തിരുത്തി ഈ കുറിപ്പവസാനിപ്പിക്കട്ടെ. വീഴ്ചയുടെ ബാക്കി ഭാഗം അടുത്ത ലക്കത്തിൽ

"എന്റെ 'വീഴ്ചയിൽ' എന്നെ ഓർത്തവനെ അവന്റെ ദയ എന്നേക്കുമുള്ളത്."

## സൃഷ്ടിയോ പരിണാമമോ? 8

# ഭക്ഷണം: സ്വാതന്ത്ര്യവും നിയന്ത്രണവും



ജോസഫ് ഇടക്കാട്ടിൽ

പ്രകൃതിയെ ദൈവം സൃഷ്ടിച്ച് അതിന് പ്രവർത്തന സ്വാതന്ത്ര്യവും നൽകി. പ്രകൃതിക്ക് പൂർണപ്രവർത്തന സ്വാതന്ത്ര്യം ഉള്ളതുകൊണ്ടാണ് നീതിമാൻമാർക്കും നീതികെട്ടവർക്കും ഒരുപോലെ മഴയും വെയിലുമൊക്കെ പ്രഭാവം ചെയ്യുന്നത്. എന്നാൽ പ്രത്യേക ലക്ഷ്യത്തോടെ ചില സന്ദർഭങ്ങളിൽ ദൈവം പ്രകൃതിയുടെ പ്രതിഭാസങ്ങളിൽ നേരിട്ട് ഇടപ്പെടുകയും അതിന്റെ പ്രവർത്തനങ്ങളെ വഴിതിരിച്ചുവിടുകയും ചെയ്യും. യേശുകർത്താവ് കാറ്റിനെയും കടലിനെയും ശാസിച്ച് അമർത്തിയസംഭവം ഓർക്കുക. പ്രകൃതിക്ക് പ്രവർത്തന സ്വാതന്ത്രമുള്ളപ്പോൾ തന്നെ അതിന്റെമേൽ ദൈവത്തിന് സമ്പൂർണ്ണ നിയന്ത്രണവുമുണ്ട്. ഉദാഹരണം പറഞ്ഞാൽ ഒരു ഗവൺമെന്റ് സ്കൂളിനും അതിന്റെ ഹെഡ്മാസ്റ്റർക്കും പ്രവർത്തനസ്വാതന്ത്യമുണ്ടെങ്കിലും സ്ക്കൂൾ പ്രവർത്തിക്കുന്നത് ഗവൺമെന്റിന്റെ കർശനനിയമങ്ങൾക്ക് വിധേയമായി കൊണ്ടാണ്. ഇതുപോലെ പ്രകൃതിയെയും ജീവജാലങ്ങളെയും ക്രമീകരിച്ച് അവക്ക് പ്രവർത്തനസ്വാതന്ത്ര്യം നൽകിയിട്ടുണ്ടെങ്കിലും സകലതും ദൈവീകപദ്ധതിക്കും നിയമങ്ങൾക്കും വിധേയമായിട്ടാണ് പ്രവർത്തിക്കുന്നത്. മനുഷ്യശരീരത്തിലെ ദഹനവ്യവസ്ഥയെ ദൈവം ക്രമീകരിച്ചിരിക്കുന്നത് ശ്രദ്ധിച്ചാൽ സൃഷ്ടാവിന്റെ കരവിരുതിന്റെ മഹാത്മ്യം നമുക്ക് മനസ്സിലാക്കാൻ കഴിയും. ശരീരത്തിന്റെ പ്രവർത്തനത്തിന് (ഏത് യന്ത്രത്തിന്റെ പ്രവർത്തനത്തിനും) ഊർജം ആവശ്യമാണല്ലൊ. ജീവികൾക്ക് ആവശ്യമായ ഊർജ്ജം ലഭിക്കുന്നത് ഭക്ഷണത്തിലൂടെയാണ്. ഭക്ഷണത്തിൽ അടങ്ങിയിരിക്കുന്ന വിറ്റാമിനുകളും പ്രോട്ടീനുമെല്ലാം കോശങ്ങളിൽ എത്തിക്കുന്നത് രക്തമാണ്. അപ്പോൾ പോഷകഘടകങ്ങൾ രക്തത്തിൽ ലയിച്ചുചേരേണ്ടത് അത്യാവശ്യമാണ്. ഇങ്ങനെ ഭക്ഷണത്തിലെ പോഷകഘടകങ്ങളെ രക്തത്തിൽ ലയിപ്പിച്ച് ചേർക്കുന്ന പ്രവർത്തനത്തെയാണ് ദഹനപ്രക്രിയ എന്ന് വിളിക്കുന്നത്.

ദഹനവ്യവസ്ഥയുടെ ആദ്യഭാഗമായ വായിൽ വെച്ച് ഭക്ഷണം ചവച്ചരക്കപ്പെടുന്നു. ഇതിനായിട്ടാണ് 32 പല്ലുകൾ ദൈവം നമുക്ക് നൽകിയിട്ടുള്ളത്. നമ്മുടെ പല്ലുകളുടെ ഘടന പരിശോധിച്ചാലറിയാം മനുഷ്യൻ അടിസ്ഥാനപരമായി സസ്യഭുക്കാണെന്ന്. മാംസാഹാരം വല്ലപ്പോഴും മാത്രമായി ചുരുക്കണം. വായിലുള്ള ഉമിനീർഗ്രന്ഥികളുടെ സഹായത്താൽ ഭക്ഷണം കുഴമ്പുരൂപത്തിലാക്കപ്പെടുന്നു. വായിക്കകത്ത് ദൈവം ഉമിനീർ നൽകിയത് മറ്റുള്ളവരുടെ മുഖത്തിന് നേരെ ഒച്ചവെച്ച് തുപ്പൽ തെറിപ്പിക്കുവാനല്ല. പ്രത്യുത ദഹന പ്രക്രിയക്ക് വേണ്ടിയും നല്ല സംസാരശേഷിക്ക് വേണ്ടിയുമാണ്. നാം കഴിക്കുന്ന ഭക്ഷണപദാർത്ഥങ്ങളിൽ ശരീരത്തിന് ആവശ്യമായ ഘടകങ്ങളെ (ഉദാഹരണം: പ്രോട്ടീൻ, കൊഴുപ്പ്, വിറ്റാമിനുകൾ) മാത്രമെ ശരീരം സ്വീകരിക്കുകയുള്ളു. ബാക്കി വരുന്നവയെ മലം, മൂത്രം, വിയർപ്പ്, എന്നിവയായി ശരീരം പുറന്തള്ളുന്നു.

ഉമിനീരിന്റെ സഹായത്താൽ കുഴക്കപ്പെട്ട ഭക്ഷണം വായ്ക്കകത്തുനിന്ന് അന്നനാളത്തിലേക്ക് പ്രവേശിക്കപ്പെടുന്നു. ഏതാണ്ട് ഒമ്പത് ഇഞ്ച് നീളമുള്ള അന്നനാളത്തിൽ നിന്ന് ഭക്ഷണം ആമാശയത്തിലേക്ക് നീക്കപ്പെടുന്നു. മാംസപേശിയാൽ നിർമ്മിതമായ ഒരു സഞ്ചിയാണ് ആമാശയം. ആമാശയത്തിൽ എത്തിചേരുന്ന ഭക്ഷണം ആമാശയരസവുമായി കൂടിക്കലർന്ന് ചുഴറ്റി കൂടുതൽ ദ്രാവരൂപത്തിലാവുന്നു. ആമാശയഭിത്തികൾ ഭക്ഷണത്തിലെ പ്രോട്ടീനുകളെ ആഗിരണം ചെയ്യുന്നു, പിന്നീട് ആമാശയത്തിൽ നിന്ന് ഭക്ഷണം ചെറുകുടലിലേക്ക് നീങ്ങുന്നു.

വിശപ്പുതോന്നുമ്പോഴാണ് നാം ഭക്ഷണം കഴിക്കുന്നത്. രുചി കൂടുതലുള്ള ഭക്ഷണമാണെങ്കിൽ കൂടുതൽ താൽപര്യത്തോടെ ഭക്ഷണം കഴിക്കും. ഭക്ഷണത്തെക്കുറിച്ചുള്ള ദൈവീക പദ്ധതിയും പ്രകൃതി നിയമവും ഇതാണ്. പക്ഷെ ഇതിനെ വെല്ലുവിളിച്ചുകൊണ്ടാണ് ആധുനിക മനുഷ്യൻ ഭക്ഷണം കഴിക്കുന്നത്. വയറ് നിറഞ്ഞിരുന്നാലും സാഹചര്യസമ്മർദ്ദം മൂലം മനുഷ്യൻ പിന്നേയും ഭക്ഷണം കഴിക്കാൻ തയ്യാറാവുന്നു. എന്നാൽ മൃഗങ്ങൾ പ്രകൃതി നിയമങ്ങൾ അനുസരിച്ചുമാത്രമെ ഭക്ഷണം കഴിക്കാറുള്ളു. വയറുനിറഞ്ഞു കഴിഞ്ഞ് സിംഹം വിശ്രമിക്കുമ്പോൾ അതിന്റെ അടുത്തുകൂടിപോകുന്ന മാൻകുട്ടിയെ (നമുക്ക് സദ്യകഴിഞ്ഞ് ഐസ്ക്രീം കിട്ടുന്നതിനു തുല്ല്യം) അത് ഒരിക്കലും കൊന്ന് തിന്നുകയോ പിന്നത്തെ ആവശ്യത്തിന് മാറ്റിവെക്കുകയോ ഇല്ല. എന്നാൽ മനുഷ്യൻ ഇന്ന് വിശപ്പ് മാറ്റാൻ വേണ്ടി മാത്രമല്ല ഭക്ഷണം കഴിക്കുന്നത്. മനുഷ്യന്റെ ആരോഗ്യത്തിന് വേണ്ടിയാണ് ദൈവം ഭക്ഷണം നൽകിയത്. എന്നാൽ ഇന്നു നമ്മൾ കഴിക്കുന്ന അമിതഭക്ഷണവും അസമയത്തുള്ള ഭക്ഷണവും, കൃത്രിമഭക്ഷണങ്ങളുമെല്ലാം മനുഷ്യനെ രോഗിയാക്കി മാറ്റികൊണ്ടിരിക്കുന്നു. ഭക്ഷണം സംബന്ധിച്ച ദൈവീക പദ്ധതിയിലേക്ക് മനുഷ്യൻ മടങ്ങിവന്നില്ലങ്കിൽ അൽപായുസും അനാരോഗ്യവുമായിരിക്കും ഫലം.

**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും,
നിങ്ങളുടെ പണം സുരക്ഷിതമായി
നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.





**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**

Chief Life Insurance Advisors.
Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

**ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ.,**
**പത്തനംതിട്ട (Dist).**




# സ്വർഗ്ഗ നരക ദർശനം വിമർശനങ്ങൾക്കുള്ള മറുപടി

**റോബു ബാബു, ഭരണിക്കാവ്**

**രണ്ടാം സ്വർഗ്ഗത്തിലാണ് ഒരു വിഭാഗം പിശാചുക്കൾ വസിക്കുന്നത്. രണ്ടാം സ്വർഗ്ഗത്തിൽ നക്ഷത്രങ്ങളോ, ഗ്രഹങ്ങളോ ഇല്ല. ശൂന്യമായ സ്ഥലമാണ്. അത് കോടാനുകോടിവരുന്ന പിശാചുക്കളുടെ വാസസ്ഥലമാണ്**

**വിമർശനം – 5**

ശിശുക്കളെ പരിരക്ഷിക്കുവാൻ ആയമാരുണ്ടായിരിക്കുമോ എന്തോ?

തീർച്ചയായും ആയമാരുണ്ട് നമുക്ക് വായിക്കാം

"ഈ ചെറിയവനിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. സ്വർഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു". (മത്താ 18:10–11).

ശിശുക്കളെ ദൂതന്മാർ പ്രായപൂർത്തിയാകുന്നതുവരെ പരിപാലിക്കും. അവർ 33 വയസ് വരെ വളർന്നു യേശുവിനെപ്പോലെ ആകും. ശിശുക്കൾ മനോഹരമായ പൂന്തോട്ടങ്ങളിൽ വളരും അവിടെ കൊതുകോ, മൂട്ടയോ, മഴയോ, വെയിലോ ഇല്ലല്ലോ?

**വിമർശനം – 6**

ലജ്ജിതരായിത്തീർന്ന വിശ്വസ്തരായ സ്വാർത്ഥമതികൾ

ഇതിനെപ്പറ്റി വേദപുസ്തകം ഒത്തിരി തെളിവുകൾ നൽകുന്നു കൂടുതൽ പേരും തേജസ് കുറഞ്ഞ വാസസ്ഥലങ്ങളിൽ പാർക്കാൻ കാരണം അവർ അവരുടെ നീതിയെ മനുഷ്യർ കാണേണ്ടതിന് അവരുടെ മുമ്പിൽ ചെയ്തതുകൊണ്ടാണ്.

"മനുഷ്യർ കാണേണ്ടതിന് നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ; അല്ലാഞ്ഞാൽ സ്വർഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്കു പ്രതിഫലമില്ല"

ശതകോടി രൂപ വിലവരുന്ന മുത്തുകളാലും, രത്നങ്ങളാലും തീർത്ത ആഡംബര ഭവനം സ്വർഗത്തിൽ ലഭിക്കണമെങ്കിൽ നാം എന്ത് ചെയ്യണം? യേശു പറയുന്നത് കേൾക്കൂ

"സൽഗുണപൂർണ്ണൻ ആകുവാൻ ഇച്ഛിക്കുന്നു എങ്കിൽ നീ ചെന്ന് നിനക്കുള്ളത് വിറ്റു ദരിദ്രർക്ക് കൊടുക്ക; എന്നാൽ സ്വർഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും".

നീതി പ്രവൃത്തികൾ പൊന്ന്, വെള്ളി, വിലയേറിയ കല്ല്, മരം, പുല്ല്, വൈക്കോൽ എന്നിവ പണിയുന്നോ എന്ന് ശോധന ചെയ്യും. നമുക്ക് വായിക്കാം.

"ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ല്, മരം, പുല്ല്, വൈക്കോൽ എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവരും

ഒരുത്തൻ പണിത പ്രവൃത്തി നിലനിൽക്കും എങ്കിൽ അവനു പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവനു ചേതം വരും".

**വിമർശനം – 7**

പൗലോസ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു. ഒന്നാം സ്വർഗ്ഗവും രണ്ടാം സ്വർഗ്ഗവും ഉണ്ടെന്ന് ആ പ്രയോഗം തെളിയിക്കുന്നു.

സ്വർഗ്ഗം ഒന്നേയുള്ളൂ എന്നും, അത് മീതെയുള്ള യെരുശലേം (ഗലാ 4:25–26) മാത്രമാണ് എന്നും നാം വായിച്ചല്ലോ. മൂന്നാം സ്വർഗം എന്ന വിഷയം വിവരിക്കുന്നതിന് മുമ്പ് യെരുശലേമിന്റെ മൂന്ന് ഭാഗങ്ങൾ നോക്കാം.

സ്വർഗം അഥവാ മീതെയുള്ള യെരുശലേമിന്റെ മാതൃക ഇപ്രകാരമാണ്, മരുഭൂമിയിൽ മോശെയോട് ദൈവം വിശുദ്ധ മന്ദിരം നിർമ്മിക്കാൻ കൽപ്പിച്ചത്. സംശയമുണ്ടോ? നമുക്ക് വായിക്കാം.

"പർവ്വതത്തിൽ വച്ചു കാണിച്ചു തന്ന മാതൃകാ പ്രകാരം അവയെ ഉണ്ടാക്കുവാൻ സൂക്ഷിച്ചു കൊള്ളേണം" (പുറ 25:40).

തിരുനിവാസത്തിന് പ്രാകാരവും (courtyard) വിശുദ്ധ സ്ഥലം, അതിവിശുദ്ധ സ്ഥലം എന്നീ മൂന്ന് ഭാഗങ്ങൾ ഉണ്ട്.

"അങ്ങനെ പർവ്വതത്തിൽ വച്ച് കാണിച്ചു തന്ന പ്രമാണപ്രകാരം നീ തിരുനിവാസം നിവർത്തേണം"

(പുറ 26:30)

രണ്ടാം സ്വർഗ്ഗത്തിലാണ് ഒരു വിഭാഗം പിശാചുക്കൾ വസിക്കുന്നത്. രണ്ടാം സ്വർഗ്ഗത്തിൽ നക്ഷത്രങ്ങളോ, ഗ്രഹങ്ങളോ ഇല്ല. ശൂന്യമായ സ്ഥലമാണ്. അത് കോടാനുകോടിവരുന്ന പിശാചുക്കളുടെ വാസസ്ഥലമാണ് സംശയമുണ്ടോ? നമുക്ക് വായിക്കാം, അത് കൊണ്ടാണ് പൗലോസ് പറയുന്നത്

"നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകത്തിലെ ദുഷ്ടാത്മ സേനയോടും അത്രെ" (എഫെ 6:12–13).

ഇവിടെ സ്വർലോകങ്ങൾ എന്ന് പറയുന്നു. ഏത് സ്വർഗ്ഗമാണ്? രണ്ടാം സ്വർഗ്ഗം തന്നെ. മറ്റൊരു ഉദാഹരണം നോക്കാം.

"പിന്നെ സ്വർഗത്തിൽ യുദ്ധം ഉണ്ടായി; മിഖായേലും അവന്റെ ദൂതന്മാരും തന്റെ ദൂതന്മാരുമായി മഹാസർപ്പത്തോടു പടവെട്ടി; ജയിച്ചില്ല താനും. സ്വർഗത്തിൽ അവരുടെ സ്ഥലം പിന്നെ കണ്ടതുമില്ല" (വെളി 12:7–8).

ഈ അന്ധകാരം നിറഞ്ഞ ശൂന്യമായ സ്ഥലത്തിൽ വസിക്കുന്ന പിശാചുക്കളുടെ രൂപം കാണണമെങ്കിൽ കുട്ടികളുടെ കാർട്ടൂൺ ചാനൽ ഓണാക്കി നോക്കിയാൽ മതി. വിമർശനങ്ങൾ ഭയന്ന് അതിനെക്കുറിച്ച് അധികമൊന്നും എഴുതുന്നില്ല. മൂന്നാം സ്വർഗ്ഗത്തിലാണ് കർത്താവിന്റെ വാസസ്ഥലമായ യെരുശലേം സ്ഥിതി ചെയ്യുന്നത്. അത് ശാസ്ത്രജ്ഞന്മാർക്ക് ചെന്നെത്താൻ കഴിയാതെ വണ്ണം കോടാനുകോടി പ്രകാശവർഷം അകലെയാണ്.

**വിമർശനം – 8**

**സ്വർഗ്ഗത്തിൽ കൺട്രി ഹോമോ?**

തിരുനിവാസത്തിന് പ്രാകാരം അഥവാ 'courtyard' നിർമ്മിക്കാൻ ദൈവം കല്പിച്ചിട്ടുണ്ട്. അതുപോലെ തന്നെ സ്വർഗ്ഗത്തിലെ തിരുനിവാസത്തിനും courtyard ഉണ്ട്. ഇംഗ്ലീഷ് ബൈബിൾ വായിക്കാം.

"Make a courtyard for the tabernacle" (Exo 27:9) ഈ കുറിപ്പ് ചുരുക്കുന്നതിന് മുമ്പായി ദൂതൻ പാസ്റ്റർ പാർക്ക് യോങ്ങിനോട് പറഞ്ഞ ഒരു പ്രധാന കാര്യം ഓർപ്പിക്കട്ടെ.

ആയിരം പേരിൽ ഒരാൾ മാത്രമാണ് സ്വർഗത്തിൽ പോകുന്നത്.

പെന്തെക്കോസ്തിൽ ചേർന്നുവെന്നോ, സ്നാനപ്പെട്ടു രക്ഷിക്കപ്പെട്ടു എന്ന കാരണത്താൽ ആരും സ്വർഗ്ഗത്തിൽ പോവുന്നില്ല. സ്വർഗ്ഗത്തിൽ പോകണമെങ്കിൽ കർത്താവിന്റെ വിശുദ്ധി വേണം.

"ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല" (എബ്രാ 12:14)

അതുകൊണ്ട് യേശു കർത്താവ് പറഞ്ഞത്

"വിളിക്കപ്പെട്ടവർ അനേകർ; തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം". (മത്താ 22:14)

ഈ സ്വർഗ്ഗ–നരകത്തിന്റെ വായിക്കേണ്ടതും മാനസാന്തരം ഉളവാകുന്നതുമായ ഏറ്റവും നല്ല ഭാഗം നരകത്തെക്കുറിച്ചായിരുന്നു. വിവർത്തകൻ അത് വെട്ടിക്കുറച്ച് ചുരുക്കിയിരിക്കുന്നു.

വിവർത്തന തെറ്റുകൾ മനസ്സിലാക്കി സ്വർഗ–നരക വിവരണം വീണ്ടും വായിക്കുമല്ലോ. ഇത് നമ്മളെ ഭൂമിയിൽ പ്രത്യാശ വയ്ക്കാതെ സ്വർഗ്ഗം ദർശിച്ച് സ്വർഗ്ഗത്തിനുള്ളത് ചിന്തിക്കുവാൻ സഹായിക്കട്ടെ. നമ്മുടെ ഈ ലോക ജീവിതത്തിന് വേണ്ടി ക്രിസ്തുവിൽ പ്രത്യാശ വച്ചാൽ നമ്മൾ സകല മനുഷ്യരിലും അരിഷ്ടരത്രെ.

"നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രെ" (1 കൊരി 15:19)

അതുകൊണ്ട് രക്ഷിക്കപ്പെട്ടു എന്ന് പറയാതെ നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം വിശുദ്ധിയിൽ ജീവിക്കാം.

"അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ".

## ഇമ്മാനുവേൽ ജനറേഷൻ ഉദ്ഘടന ദൃശ്യങ്ങൾ



ഇമ്മാനുവേൽ ജനറേഷന്റെ ഉദ്ഘാടന വേളയിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പാസ്റ്റർ റ്റി.എസ്. ഏബ്രഹാമിനോടൊപ്പം.

















## അമേരിക്കൻ താൾ

# പത്തനാപുരത്തുനിന്ന് കാലേബിനേപ്പോലൊരു ദൈവദാസൻ

മുപ്പതു വർഷം മുമ്പ് നടന്ന ഒരു അപകടത്തിന്റെ വേദനിപ്പിക്കുന്ന ഓർമ്മയിൽ നിന്ന് ഇന്നും മുക്തനല്ല ഡോ.ജോർജ്ജ് പി.ഉമ്മൻ. ഹ്യൂസ്റ്റണിലെ റൈസി യൂണിവേഴ്സിറ്റിയിൽ ഏവിയേഷൻ ടെക്നോളജി പഠിക്കുവാൻ മകൻ ചാർളി ജോർജ്ജിന് അഡ്മിഷൻ കിട്ടിയപ്പോഴാണ് ജോർജ്ജ് പി.ഉമ്മനും ഭാര്യ മറിയാമ്മയും ഹ്യൂസ്റ്റണിലേക്ക് ജീവിതം പറിച്ചു നട്ടത്.

പഠനത്തിൽ മിടുക്കനായ ചാർളിയുടെ ഗ്രാജുവേഷന്റെ തലേദിവസം നോർത്ത്ഷോറിൽ വച്ച് ചാർളിയുടെ കാറിൽ മറ്റൊരു ലൈനിൽ വന്ന വാഹനം തട്ടി. രണ്ടു കാറുകളും റോഡുവിട്ട് രണ്ടു വശങ്ങളിലേക്ക് തെറിച്ചു പോയി. ആ അപകടത്തിൽ ചാർളി നിത്യതയിലേക്ക് ചേർക്കപ്പെട്ടു. ഹ്യൂസ്റ്റണിലൊരു മലയാളിക്കുണ്ടായ ആദ്യ അപകടമായിരുന്നു ഇത്. 1983-ലാണ് അമേരിക്കയിലെ മലയാളി സമൂഹത്തെ മുഴുവൻ ദുഃഖത്തിലാഴ്ത്തിയ ഈ അപകടം നടന്നത്.

രണ്ടു ദിവസം മുമ്പ് "പപ്പാ സൂക്ഷിച്ചു പോകണമെന്ന്" പറഞ്ഞ് പിതാവിനെ വാഷിംഗ്ടൺ ഡിസിയിലേക്ക് യാത്രയാക്കിയ മകന്റെ ജീവനുള്ള ഓർമ്മ എഴുപത്തഞ്ചാം വയസ്സിലും ജോർജ്ജ് ഉമ്മന്റെ കണ്ണുകളെ ഈറനണിയിക്കുന്നു.

പത്തനാപുരത്തെ ആരംഭകാല പെന്തെക്കോസ്ത് കുടുംബമായ പൊയ്കയിൽ ഉമ്മച്ചന്റെ 9 മക്കളിൽ നാലാമനായി ജനിച്ച ജോർജ്ജ് ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 19-ാം വയസ് മുതൽ ബാംഗ്ലൂരിൽ ജോലി ചെയ്യുകയും കർണ്ണാടകയിൽ സുവിശേഷപ്രവർത്തനങ്ങളിൽ വ്യാപൃതനാകുകയും ചെയ്തു. തിരുവല്ലാ താഴാംപള്ളത്തെ മറിയാമ്മയെ ജീവിത പങ്കാളിയായി ലഭിച്ചു. ഭാര്യാസഹോദരൻ ടി.ജി.ഈശോ ന്യൂയോർക്കിലുണ്ടായിരുന്നു. അദ്ദേഹമാണ് ജോർജ്ജ് ഉമ്മനെ അമേരിക്കയിലെത്തിച്ചത്.

ന്യൂയോർക്കിലെത്തിയ ജോർജ്ജ് ലോംഗ് ഐലൻഡിലും പിന്നീട് ഫ്ളോറിഡായിലുമായി ബൈബിൾ കോളജുകളിൽ പഠനം നടത്തി. തിയോളജിയിൽ ഡോക്ടറേറ്റ് നേടിയ ഇദ്ദേഹം ഫ്ളോറിഡായിൽ ഇംഗ്ലീഷ് സഭയുടെ അസോസിയേറ്റ് ശുശ്രൂഷകനായും സേവനമനുഷ്ഠിച്ചു. ഹ്യൂസ്റ്റണിൽ ജോർജ്ജ് പി.ഉമ്മൻ സ്വതന്ത്രമായി ആരംഭിച്ച് ശുശ്രൂഷിച്ചുകൊണ്ടിരുന്ന ശാലേം പെന്തെക്കോസ്തു സഭയാണ് 1997-ൽ പാസ്റ്റർ ടി.ജി.കോശിയുടെ ഉത്സാഹത്തിൽ ശാരോൻ സഭയായത്. ഇപ്പോൾ പാസ്റ്റർ രഞ്ചൻ ഫിലിപ്പ് ഈ സഭയുടെ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. സ്വന്തമായി ഒന്നരയേക്കർ സ്ഥലവും മനോഹരമായ കെട്ടിടവും സഭക്കുണ്ട്.

സുവിശേഷീകരണ ദർശനം രക്തത്തിൽ അലിഞ്ഞു ചേർന്നിട്ടുള്ള ജോർജ്ജ് ഉമ്മൻ ഇന്ത്യയിൽ നിരവധി സുവിശേഷീകരണ-സഭാ പ്രവർത്തനങ്ങളിൽ പങ്കാളിയും തുടക്കക്കാരനുമാണ്. പത്തനാപുരത്തെ ആദ്യശാരോൻ സഭയുടെ ആരംഭകൻ, കേരളത്തിലെ പ്രഥമ പെന്തെക്കോസ്ത് വി.ബി.എസ്.ആരംഭിച്ചത്, കേരളത്തിലാദ്യമായി പ്രൊജക്ടർ ഉപയോഗിച്ച് ചലച്ചിത്രം കാണിച്ച് സുവിശേഷീകരണം ആരംഭിച്ചതും ജോർജ്ജ് ഉമ്മനാണ്. ഇന്നും തമിഴ്നാട്ടിലും കർണ്ണാടകയിലും ആന്ധ്രയിലും ഫിലിം മിനിസ്ട്രി ഇദ്ദേഹം ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഇന്ത്യയിലെ അഞ്ചു സ്റ്റേറ്റുകളിൽ ടീം പ്രവർത്തനങ്ങൾ ഇപ്പോഴും നടക്കുന്നു.

1961-ൽ അമേരിക്കയിലെത്തിയ ജോർജ്ജ് പി.ഉമ്മൻ പഠനാനന്തരം 1971-ൽ ഇന്ത്യയിലേക്ക് മടങ്ങി. അന്നുമുതൽ എല്ലാവർഷവും ആറു മാസം ഇന്ത്യയിലും ആറു മാസം അമേരിക്കയിലുമായി ശുശ്രൂഷകളിൽ വ്യാപൃതനാണ്.

ഇന്ത്യയിലുള്ളപ്പോൾ ടീം വർക്കുകളോടൊപ്പം യാത്ര ചെയ്ത് ഗ്രാമങ്ങളിൽ താമസിച്ച് ഈ എഴുപത്തഞ്ചാം വയസിലും കാലേബിനേപ്പോലെ ഇനിയുമൊരു അങ്കത്തിന് ബാല്യമുണ്ടെന്ന ഉറപ്പോടെ പ്രവർത്തനനിരതനാണ്.

2003-ൽ ഭാര്യ മറിയാമ്മ നിര്യാതയായി. മക്കൾ: പ്രസാദ് പി. ജോർജ്ജ്, ഫെയ്ത്ത് ജോൺസൺ

2005-ൽ പുനർവിവാഹിതനായി ഭാര്യ ജോളിയമ്മ.



### ഉത്തർപ്രദേശ് സ്റ്റേറ്റ് അടിസ്ഥാന വിവരങ്ങൾ



* തലസ്ഥാനം ലക്നൗ
* ജനസംഖ്യ 20 കോടി
* സാക്ഷാരത 69%
* ഭാഷ ഹിന്ദു, ഉർദു
* ജില്ലകൾ 75

പ്രമുഖ നഗരങ്ങൾ : ലക്നൗ, കാൺപൂർ, ആഗ്ര, ഗാസിയാബാദ്, മീററ്റ്, അലഹബാദ്

മതം : ഹിന്ദു 80%, മുസ്ലീം 18.5%, ക്രിസ്ത്യൻ 0.1%

# ഇന്ത്യയുടെ ഹൃദയഭൂവിലേക്ക് വ്യക്തമായ ലക്ഷ്യത്തോടെ പാസ്റ്റർ ജോർജ്ജ് വർഗീസ് മേക്കാട്ട്



ഉത്തരേന്ത്യയുടെ ഹൃദയഭൂമിയും ഹിന്ദുയിസത്തിന്റെ സുവർണ്ണഭൂമിയുമാണ് ഉത്തർപ്രദേശ് എന്ന യു.പി. ഇന്ത്യയുടെ ഭരണചക്രം എങ്ങോട്ട് തിരിയണമെന്ന് നിശ്ചയിക്കുന്ന 80 ലോകസഭാ മണ്ഡലങ്ങളുള്ള അതിവിശാലമായ സ്റ്റേറ്റ്. മായാവതിയുടെയും, മൂലായം സിംഗിന്റെയും, രാഹുൽ ഗാന്ധിയുടെയും അഖിലേഷ് യാദവിന്റെയും രാഷ്ട്രീയ ഭാവി നിശ്ചയിക്കുന്ന പൊളിറ്റിക്കൽ പവ്വർ സ്റ്റേഷൻ. ഇവിടുത്തെ ജനസംഖ്യയിൽ 50%-വും ഹൈന്ദവർ. 20 ശതമാനത്തിനടുത്തു വരുന്ന മുസ്ലീം ജനവിഭാഗം. ഇവർക്കിടയിൽ 0.1% മാത്രം വരുന്ന ക്രിസ്ത്യാനികൾ. മിഷനറി പ്രവർത്തനത്തിന് തികച്ചും ഊഷര ഭൂമിയെന്ന് വിശേഷിപ്പിക്കാവുന്ന ഈ വിശാല ഭൂപ്രദേശത്തേക്ക് ആറു വർഷം മുമ്പ് പാസ്റ്റർ ജോർജ്ജ് വർഗീസ് മേക്കാട്ട് കാലെടുത്തു വയ്ക്കുമ്പോൾ വ്യക്തമായ ചില ദർശനങ്ങൾ പിൻബലമായി ഉണ്ടായിരുന്നു.

പുതുതായി രൂപീകരിക്കപ്പെട്ട ഐ.പി.സി ഉത്തർപ്രദേശ് സ്റ്റേറ്റിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജോർജ്ജ് വർഗീസിന് സുവിശേഷീകരണവും സഭാ സ്ഥാപന താൽപ്പര്യവും പാരമ്പര്യമായി കിട്ടിയ പൈതൃക സമ്പത്താണ്. ഐ.പി.സി. സ്റ്റേറ്റ് വൈസ് പ്രസിഡന്റായിരുന്ന പാസ്റ്റർ എം.വി.വർഗീസിന്റെ സീമന്തപുത്രനാണ് പാസ്റ്റർ ജോർജ്ജ് വർഗീസ്. ആറു മാസം പ്രായമുള്ള കൈക്കുഞ്ഞായിരിക്കെയാണ് ആദ്യ മിഷനറി യാത്ര. മാതാപിതാക്കൾ ഐ.പി.സിയുടെ പ്രഥമ മിഷനറി കുടുംബമായി സിംഗപ്പൂരിലേക്ക് അയക്കപ്പെട്ടു. പാസ്റ്റർ എം.വി.വർഗീസ് 13 വർഷം സിംഗപ്പൂരിൽ മിഷനറിയായിരുന്നു.

ബാല്യത്തിൽ ഏറെക്കാലവും മാതൃഭവനത്തിലാണ് താമസിച്ചത്. എങ്കിലും ഫെയ്ത് ഹോം ജീവിതത്തിന്റെ ബുദ്ധിമുട്ടുകളും ജോർജ്ജ് വർഗീസിന്റെ ഓർമ്മയിൽ നിറഞ്ഞുനില്ക്കുന്നു. ആനപ്രമ്പാൽ ഫെയ്ത് ഹോമിൽ തീരെ ഇടുക്കമാണ്. അതിനാൽ ആൺമക്കൾ രണ്ടുംപേരും ഹോളിലാണ് രാത്രി കിടക്കുന്നത്. ചുമരില്ലാതെ തൂണുകളിൽ നില്ക്കുന്ന ഷെഡ്ഡാണ് ഹോൾ. അവിടെ കിടന്നാൽ പട്ടിയും പൂച്ചയും മറ്റും കൂടെ കയറിക്കിടക്കും. അതു തടയാൻ മേശയും ഡസ്ക്കും ചരിച്ചുവച്ച് സുരക്ഷിത സ്ഥാനമുണ്ടാക്കും. അവിടെ കിടന്ന ശേഷം മുകളിൽ പായിട്ടു മൂടും.

എടത്വാ കോളജിലായിരുന്നു പഠനം. അവിടെ പാസ്റ്റർ കെ.സി.ജോണിന്റെ സഹോദരൻ കെ.സി.സാമുവേൽ, ബാബു എബനേസർ എന്നിവർ സഹപാഠികളായിരുന്നു. കോളജു പഠനാനന്തരം ഹെബ്രോൻ ബൈബിൾ കോളജിൽ ചേർന്നു പഠിച്ചു. സ്വതസിദ്ധമായ സംഗീത വാസന ക്രിസ്തീയ കൺവൻഷനുകളിലെ ഗാനശുശ്രൂഷ ഏറ്റെടുക്കുവാൻ ഇടയാക്കി. രണ്ടു വർഷത്തോളം ആ ശുശ്രൂഷ തുടർന്നു.

സിവിൽ എഞ്ചിനിയറിംഗ് പൂർത്തിയാക്കി 1981-ൽ അബുദാബിയിൽ ജോലിയിൽ പ്രവേശിച്ചു. മുസഫയിലെ ആദ്യസഭ സ്വന്തം ക്വാർട്ടേഴ്സിൽ ആരംഭിച്ചത് അക്കാലത്താണ്. പിന്നീട് ബഹറിനിലേക്ക് പോയി. അവിടെ നിന്നാണ് 1958-ൽ അമേരിക്കയിലേക്ക് പോകുന്നത്. ആദ്യ ചില വർഷങ്ങൾ ന്യൂയോർക്കിലായിരുന്നു. പിന്നീട് ഇപ്പോൾ 20 വർഷമായി അഗസ്റ്റയിലാണ് താമസിക്കുന്നത്. അഗസ്റ്റയിൽ അന്ന് സ്വന്തം വീട്ടിലാരംഭിച്ച സഭ 12 വർഷം മുമ്പ് പാസ്റ്റർ കെ.സി.ജോൺ വന്ന് ഐപിസിചർച്ചായി മാറ്റുകയായിരുന്നു.

ആറു വർഷം മുമ്പാണ് യു.പിയിലെ ലക്നൗ കേന്ദ്രമാക്കി ഐ.പി.സി. പ്രവർത്തനങ്ങൾക്ക് വേണ്ടി സെൻട്രൽ സോൺ രൂപീകരിക്കുന്നത്. പാസ്റ്റർ ജോർജ്ജ് വർഗീസിനെ കൗൺസിൽ ആ സോണിന്റെ കോർഡിനേറ്ററായി നിയമിച്ചു. ഒരു ലോക്കൽ സഭ പോലുമില്ലാതിരുന്ന ആ പ്രദേശത്ത് ഇതിനകം 140 സഭകൾ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു. ഐ.പി.സിയുടെ ഏറ്റവും വലിയ സഭയെന്ന് പറയാവുന്ന രണ്ടായിരം അംഗങ്ങളുള്ള ജോൺപൂർ സഭയും ഇതിലുൾപ്പെടുന്നു. റായ്ബറേലിയിൽ ശുശ്രൂഷിച്ചിരുന്ന പാസ്റ്റർ എം.ജെ.സാമുവേൽ പ്രത്യേക ദർശനത്തോടെ ഇവിടെ വന്ന് പ്രവർത്തനം ആരംഭിക്കുകയായിരുന്നു. ഇവിടെ സഭാഹാൾ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

75 ഡിസ്ട്രിക്ടുകളുള്ള യു.പി. സ്റ്റേറ്റിനെ ഒറ്റ കൗൺസിലിന്റെ കീഴിലാക്കിയത് പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകരും. അടുത്ത മൂന്നു വർഷത്തിനകം 300 സഭകൾ എന്നതാണ് ലക്ഷ്യം പാസ്റ്റർ ജോർജ്ജ് മേക്കാട് പറയുന്നു. ആദ്യഘട്ടത്തിൽ ഇന്ത്യാ ബൈബിൾ സെമിനാരിയിൽ നിന്നും കോട്ടയം സെമിനാരിയിൽ നിന്നുമാണ് പ്രവർത്തകരെ കണ്ടെത്തിയത്. എന്നാൽ ഇപ്പോൾ ജോൺപൂരിൽ പ്രാദേശിക സുവിശേഷകരെ വാർത്തെടുക്കുവാൻ ട്രെയ്നിംഗ് കോളജ് പ്രവർത്തിച്ചു വരുന്നു.

കുടുംബം: ഭാര്യ പൊന്നമ്മ മാവേലിക്കര കാങ്കാലിൽ കൊച്ചുവീട്ടിൽ കുടുംബാംഗമാണ്. മൂന്നു മക്കൾ: 1. സാംഗ്ലി ജോർജ്ജ് പി.ജി.പഠനത്തോടൊപ്പം ജോലിയും ചെയ്യുന്നു. 2. പാസ്റ്റർ പ്രസ്ലി ജോർജ്ജ് ബെയ്റൂട്ടിൽ ഒരു ലബനീസ് ബൈബിൾ കോളജിന്റെ ചുമതല വഹിക്കുന്നു. ഇന്ത്യയിൽ ഒരു മിഷനറിയായി എത്തണമെന്നാണ് പ്രസ്ലിയുടെ ആഗ്രഹം. 3. മകൾ-നെസ്ളി ജോർജ്ജ്-പഠനത്തോടൊപ്പം റേപ്പ് വിക്റ്റിംസിന്റെ ഇടയിലും മറ്റും കൗൺസലിംഗ് നടത്തുന്നു.

# പുതിയ മത്സ്യത്തെ കണ്ടെത്തി
## പെന്തെക്കോസ്ത് പ്രൊഫസർക്ക് അംഗീകാരം





മാവേലിക്കര : പാറക്കൂരി വർഗ്ഗത്തിലുള്ള അപൂർവ്വയിനം മത്സ്യത്തെ കണ്ടെത്തി. മണിമല നദിയുടെ ഉത്ഭവ സ്ഥാനത്തിനടുത്തുള്ള ഇടുക്കി ജില്ലയിലെ ഇളംകാടിൽ നിന്നാണ് ശാസ്ത്ര ലോകത്തേക്ക് പുതിയ മത്സ്യം എത്തുന്നത്. ഗ്ലിപ്പെറ്റാതൊറാക്സ് ഇളംകാടെൻസിസ് എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന മത്സ്യം സൈസോറിഡേ മത്സ്യ കുടുംബത്തിൽപ്പെടുന്നു.

അന്തർദേശീയ ശാസ്ത്ര ജേർണലായ ബയോസിസ്റ്റമാറ്റിക്കയാണ് ഈ മികവുറ്റ കണ്ടെത്തൽ പ്രസിദ്ധീകരിച്ചത്. 10 മുതൽ 11 വരെ സെന്റിമീറ്റർ നീളമുള്ള മത്സ്യങ്ങളുടെ പാർശ്വങ്ങൾക്ക് സാധാരണ ഗതിയിൽ തവിട്ടുകലർന്ന മഞ്ഞയോ പച്ചയോ നിറമുണ്ടാകും. കണ്ണുകളുടെ മദ്ധ്യത്തിലും മുതുച്ചിറകിന്റെ ഇരുവശങ്ങളിലും കടുത്ത മഞ്ഞ നിറത്തിലുള്ള പൊട്ടുകൾ കാണാം അസാധാരണമായ ചെറിയ കണ്ണുകളും മുതുച്ചിറകിലെ ഏഴു മുതൽ ഒൻപത് വരെ വരുന്ന കിരണങ്ങളും ഇവയെ തിരിച്ചറിയാൻ സഹായകമാണ്. ആഴം കുറഞ്ഞതും നല്ല ഒഴുക്കുള്ളതുമായ പാറക്കെട്ടുകൾ നിറഞ്ഞ ഉയർന്ന പ്രദേശങ്ങളിലെ അരുവികളിലാണ് ഇവയുടെ വാസം. പകൽ സമയങ്ങളിൽ പാറക്കെട്ടുകൾക്കിടയിൽ ഒളിച്ചിരിക്കുന്നതുകൊണ്ടാവാം ഇതുവരെ ഇവ മറ്റു ശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടിയിൽപെടാതെ പോയത്. 2010 ൽ ഇടുക്കിയിൽ നിന്ന് പിടിച്ചെടുത്ത ഈ മത്സ്യം പുതിയതാണെന്ന് തോന്നിയതിനാൽ കൂടുതൽ ശാസ്ത്രീയ പഠനങ്ങൾ നടത്തുകയും കൽക്കട്ട, ചെന്നൈ, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിലെ നാഷണൽ മ്യൂസിയങ്ങളിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന സമാന മത്സ്യങ്ങളുമായി താരതമ്യപഠനം നടത്തുകയും തുടർന്ന് എഴുതിയ Glyptothorax Elankadensis, A new Species of fish from Manimala River, Kerala എന്ന ഒൻപത് പേജുകൾ വരുന്ന ശാസ്ത്ര പ്രബന്ധമാണ് ശാസ്ത്രലോകം അംഗീകരിച്ചത്.

ക്രിസ്തീയ എഴുത്തുകാരനും ഗ്രന്ഥകാരനും കൊല്ലം ചവറ ഗവൺമെന്റ് കോളേജ് അസിസ്റ്റന്റ് പ്രൊഫസറുമായ മാത്യൂസ് പ്ലാമൂട്ടിൽ വെച്ചൂച്ചിറയാണ് ശാസ്ത്രീയ പ്രസക്തിയുള്ള ഈ കണ്ടുപിടിത്തം നടത്തിയത്. ആശാരി ഉപദേശിയുടെ സമ്പൂർണ്ണ ജീവചരിത്രമായ "ഏഷ്യയുടെ ഏലിയാവ്," കവിതാപഠനമായ "സത്യമായി മരിച്ചതു സത്യ മരിച്ചതു സത്യമാണ്," ശാസ്ത്രലേഖനസമാഹാരമായ "Biological Rhythms of the Bible" എന്നീ ഗ്രന്ഥങ്ങളുടെ കർത്താവാണ്. ബൈബിളിനെ ശാസ്ത്രവുമായി ബന്ധിപ്പിക്കുന്ന നൂറു കണക്കിന് ഈടുറ്റ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. മാവേലിക്കര തടത്തിലാൽ സ്വദേശിയായ മാത്യൂസ് പ്ലാമൂട്ടിൽ വെച്ചൂച്ചിറ, കുറത്തികാട് ഏ.ജി സഭാംഗം ആണ്.

# മഞ്ഞുമലകൾക്കിടയിലെ മനുഷ്യർക്കായി മനമുരുകുന്ന മല്ലപ്പള്ളിക്കാരൻ



കാഷ്മീരിലെ മഞ്ഞു മലകളിൽ നിന്ന് ഒരു കൂട്ടം ആടുകൾ താഴ്‌വരകളിലേക്ക് ഒഴുകിയെത്തുന്നു. ഇതൊരു ദർശനമായിരുന്നു. ഇന്ത്യൻ മിലിട്രിയിലെ സ്റ്റാഫ് നേഴ്സ് ശോശാമ്മയെന്ന വള്ളംകുളംകാരി ജമ്മു കാഷ്മീരിലെ ഉദംപൂരിൽ വെച്ചു കണ്ട ദർശനം. ഈ ദർശനം ഭർത്താവ് പി.എം ഫിലിപ്പ് എന്ന സുവിശേഷകൻ ഏറ്റെടുത്തതോടെ സുഖലോലുപമായ അമേരിക്കൻ ജീവിതം എന്ന സ്വപ്നം അവസാനിപ്പിച്ച് ആ കുടുംബം ജമ്മുകാഷ്മീരിലെ മഞ്ഞണിഞ്ഞ മല മടക്കുകളിലെ കൊച്ചു കൊച്ചു ഗ്രാമങ്ങൾ കയറിയിറങ്ങാനാരംഭിച്ചു. പർവ്വതങ്ങളിൽ നിന്ന് ഒഴുകിയെത്തുന്ന ആടിനെ തേടിയുള്ള യാത്ര നാലു പതിറ്റാണ്ടായിട്ടും അഭംഗുരം തുടരുകയാണ്.

പാസ്റ്റർ പി.എം ഫിലിപ്പ്-ശോശാമ്മ ദമ്പതികളെ പരിചയപ്പെടുത്താവുന്ന ഏറ്റവും എളുപ്പമുള്ള മാർഗ്ഗം കാഷ്മീരിന്റെ അപ്പോസ്തലൻ ഇന്നും കർത്താവിനായി കഠിനാധ്വാനം ചെയ്യുന്ന "ക്രിസ്തീയ ജിവിതം സൗഭാഗ്യ ജീവിതം....." എന്ന ഗാനം രചിച്ച മഹാനായ മിഷനറി പാസ്റ്റർ പി.എം തോമസിന്റെ ഏറ്റവും ഇളയ സഹോദരൻ. മല്ലപ്പള്ളി പുന്നവേലി പുത്തൻപറമ്പിൽ പി.ഐ മത്തായി - ഏലിയാമ്മ ദമ്പതികളുടെ മകൻ. 1946 ആഗസ്റ്റ് 17ന് സി.എസ്.ഐ പശ്ചാത്തലത്തിൽ ജനിച്ചു. ചങ്ങനാശ്ശേരി എസ്.ബി കോളജിൽ നിന്ന് പ്രീഡിഗ്രി കഴിഞ്ഞ ശേഷം നേരെ യൂണിയൻ ബിബ്ലിക്കൽ സെമിനാരി പൂനയിലേക്ക്. നാല് വർഷം ബി.ടി.എച്ച് പഠനം. ഈ പഠന കാലഘട്ടത്തിലാണ് ഇന്ത്യയുടെ സുവിശേഷീകരണം എന്ന വിശാലമായ ദർശനം ഈ ചെറുപ്പക്കാരനിൽ രൂഢമൂലമാകുന്നത്. ഇന്നത്തെയത്രയും അക്കാദമിക് തലത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു മുൻപുള്ള കാലം. ഡോ.സഫീർ അത്യാലിനെപ്പോലെ ദർശനമുള്ള അദ്ധ്യാപകർ വിദ്യാർത്ഥികളിൽ വചനവും ദർശനവും പകർന്നു നൽകുന്ന കാലം.

തന്റെ ഏറ്റവും വലിയ ശാരീരിക വൈകല്യം കഠിനമായ വിക്കായിരുന്നു. സംസാരിക്കാൻ കഴിവില്ലാത്ത തനിക്കെങ്ങനെ സുവിശേഷകനാകാൻ സാധിക്കും? യുബിഎസ്സിന്റെ ടെറസിൽ കണ്ണീരൊഴുക്കി ആ യുവാവ് പ്രാർത്ഥിച്ചു. എന്റെ ദൈവമേ എന്റെ വിക്ക് മാറ്റി തന്നാൽ ഞാൻ സുവിശേഷം എത്തിയിട്ടില്ലാത്ത ഏതെങ്കിലുമൊരു ഉത്തരേന്ത്യൻ ഗ്രാമത്തിൽ സുവിശേഷകനായി ജീവിച്ചു കൊള്ളാം.

പഠനാനന്തരം ഡൽഹിയിൽ രണ്ടു വർഷം ഒരു മിഷൻ ഓർഗനൈസേഷനിൽ ജോലി ചെയ്തു ഇക്കാലത്തും വിക്ക് മാറിയില്ല. ബൈബിൾ കോളജ് ഗ്രാജുവേറ്റായ പലരുടേയും മുമ്പിൽ അന്ന് വലിയൊരു വഴി തുറന്നു കിടപ്പുണ്ടായിരുന്നു. ശ്രമിച്ചാൽ അമേരിക്കയിലെ ഏതെങ്കിലും കോളജിൽ ഉപരിപഠനത്തിന് അവസരം ലഭിക്കും. ഒരു മലയാളി നഴ്സിനെ കല്യാണം കഴിച്ചാൽ അമേരിക്കയിൽ ജോലി കിട്ടും. നിരവധിപ്പേർ തിരഞ്ഞെടുത്ത ഈ പാത തന്നെ പി.എം. ഫിലിപ്പ് എന്ന യുവാവും ലക്ഷ്യമാക്കി. ബൈബിൾ കോളജ് അഡ്മിഷനു വേണ്ടിയുള്ള ശ്രമങ്ങൾ ഡൽഹിയിൽ വച്ച് സജീവമാക്കി.

അങ്ങനെയിരിക്കെ കാഷ്മീരിൽ നിന്ന് മൂത്ത സഹോദരനും മിഷനറിയുമായ പി.എം തോമസിന്റെ ഭാര്യ വിളിച്ചു. പി.എം തോമസിന് ഹാർട്ട് അറ്റാക്ക് ഉണ്ടായി. മിഷൻ പ്രവർത്തനങ്ങൾ തുടരണമെങ്കിൽ ആരുടെയെങ്കിലും സഹായം വേണം. നീ കാഷ്മീരിലേക്ക് വരിക. പകുതി മനസ്സോടെ കാഷ്മീരിലെ ഉദംപൂരിലെത്തി. വിക്ക് മാറാതെ തന്നെ കാഷ്മീരിൽ സുവിശേഷകനായി. അപ്പോഴും എങ്ങനെയും ഒരു നഴ്സിനെ കെട്ടണം അമേരിക്കയിലേക്ക് പോകണം എന്ന ആഗ്രഹം മനസ്സിലുണ്ട്.

ഇടക്ക് രണ്ടു മാസത്തേക്ക് നാട്ടിൽ വന്ന് ധാരാളം പെൺകുട്ടികളെ വിവാഹമാലോചിച്ചു. ഒന്നും ശരിയായില്ല. അങ്ങനെയിരിക്കെ ഉദംപൂരിൽ നിന്ന് പി.എം തോമസ് ഒരു സന്ദേശം നൽകി. ഇവിടെ മിലിട്രിയിൽ നേഴ്സായ ഒരു പെൺകുട്ടി നാട്ടിലേക്ക് പോരുന്നുണ്ട്. നീ പോയൊന്ന് കണ്ടു നോക്ക്. മർത്തോമാക്കാരിയായ വള്ളംകുളം സ്വദേശിനി ശോശാമ്മയെ കണ്ടു. ഇഷ്ടപ്പെട്ടു. വിവാഹവും നടന്നു.

ശോശാമ്മയുടെ കഥ വിചിത്രമാണ്. ഇന്ത്യൻ ആർമിയിൽ ട്രയിനിംഗ് കഴിഞ്ഞ് ആദ്യത്തെ പോസ്റ്റിംഗാണ് ഉദംപൂർ മിലിട്രി ഹോസ്പിറ്റലിലേക്ക്. ശമ്പളമായി ധാരാളം പണം, മിലിട്രി നൽകുന്ന നിരവധി സ്വാതന്ത്ര്യങ്ങൾ. ഏറ്റവും നല്ല ഫാഷൻ, ഹിന്ദി സിനിമ ഒക്കെ തലക്കുപിടിച്ച പ്രായം. പക്ഷെ ജീവിതത്തിൽ വലിയ നിരാശ തോന്നിയ ഒരു രാത്രി ആത്മഹത്യ ചെയ്യുവാൻ തീരുമാനമെടുത്തു. തന്റെ ക്വാർട്ടേഴ്സിൽ ഉറക്ക ഗുളികകളുടെ ബോട്ടിൽ എടുത്തുവച്ചു. കുടിക്കാനുള്ള വെള്ളവും തയ്യാറാക്കി. ഇരുട്ടത്ത് ഗുളികകൾ വിഴുങ്ങുവാൻ ലൈറ്റ് ഓഫ് ചെയ്തു. കൈ ബോട്ടിലിലേക്ക് നീണ്ടതും മുറിക്കകത്ത് ശക്തമായ മിന്നൽ -വലിയ പ്രകാശ പ്രളയം. അതിനുള്ളിൽ നിന്ന് "മകളേ ....." എന്നൊരു ശബ്ദം. ബോധരഹിതയായി നിലംപതിച്ചു.

പിറ്റേന്ന് പ്രഭാതത്തിൽ ഉണർന്നപ്പോൾ രാത്രിയിലെ സംഭവങ്ങൾ ഓരോന്നായി ഓർമ്മയിലേക്ക് വന്നു. ദീർഘനാളുകൾക്ക് ശേഷം ആ മർത്തോമാക്കാരി പെൺകുട്ടിക്ക് പള്ളിയിൽ പോകണമെന്ന് ഒരാഗ്രഹം. വേഗം ഒരുങ്ങി പുറത്തിറങ്ങി. എവിടെയാണ് പള്ളിയുള്ളതെന്നറിയില്ല. അങ്ങനെ നിൽക്കുമ്പോൾ മിലിട്രിയിലെ ഒരു ക്യാപ്റ്റൻ നടന്നു വന്നു. അദ്ദേഹം ചോദിച്ചു "നീ ക്രിസ്ത്യാനിയാണോ?"

"അതേ! എനിക്ക് പള്ളിയിൽ പോകണം ഇവിടെ അടുത്ത് പള്ളിയുണ്ടോ?"

പട്ടാളക്യാമ്പിന് പുറത്ത് ഉദംപൂർ നഗരത്തിൽ അരക്കിലോമീറ്റർ ദൂരെയുള്ള ആരാധനാലയത്തിൽ പോകുവാനുള്ള വ്യക്തമായ വഴി ആ ഓഫീസർ പറഞ്ഞു കൊടുത്തു.

ശോശാമ്മ പോകുവാൻ മുന്നോട്ടു നടന്നു. ചില ചുവടുകൾ വച്ച ശേഷം തിരിഞ്ഞു നോക്കി ആ ഓഫീസർ അപ്രത്യക്ഷനായി കഴിഞ്ഞിരുന്നു. സത്യത്തിൽ അതൊരു ദൈവദൂതനായിരുന്നു. അത്ഭുതം തോന്നിയെങ്കിലും കൃത്യമായ വഴിയിലൂടെ ശോശാമ്മ പാസ്റ്റർ പി.എം തോമസ് നടത്തുന്ന ആരാധനാലയത്തിൽ എത്തി. അവിടെവച്ച് ഹൃദയം യേശുവിന് കൊടുത്തു. ജീവിതം അപ്പാടേ രൂപാന്തരപ്പെട്ടു.

ശോശാമ്മയുടെ മാറ്റം പട്ടാളയൂണിറ്റിലെ സഹ പ്രവർത്തകരെ അസ്വസ്തരാക്കി. തലേന്നുവരെ അടിച്ചു പൊളിച്ച് ജീവിച്ച ശോശാമ്മ എന്ന നഴ്സിന് മാനസിക വിഭ്രാന്തിയാണെന്ന് അവർ കരുതി. അതിന് കാരണം ഉദംപൂരിലെ ചർച്ചിലേക്കുള്ള യാത്രയാണെന്ന് തിരിച്ചറിഞ്ഞതോടെ ശോശാമ്മക്ക് രണ്ടു മാസത്തെ നിർബന്ധിത ലീവ് നൽകി വീട്ടിലേക്ക് അയക്കാൻ തീരുമാനിച്ചു. ആ യാത്രയിലാണ് നാട്ടിൽ പെണ്ണ് കണ്ട് നിരാശനായി നിൽക്കുന്ന പി.എം.ഫിലിപ്പ് എന്ന ചെറുപ്പക്കാരൻ ശോശാമ്മയെ വന്നു കാണുന്നതും അവർ വിവാഹിതരാകുന്നതും.

വിവാഹം കഴിഞ്ഞ് ഉദംപൂരിൽ തിരിച്ചെത്തിയ നവദമ്പതികൾ പാസ്റ്റർ പി.എം.തോമസിനോടൊപ്പം താമസമാക്കി. ശോശാമ്മ ജോലി തുടർന്നു. ഫിലിപ്പ് സുവിശേഷവേലയും സന്തോഷകരമായ ആ ജീവിതത്തിലേക്ക് ഇരട്ടി സന്തോഷം പകർന്നുകൊണ്ട് അമേരിക്കയിലെ സെന്റ് ലൂയിസിലെ കവനന്റ് തിയോളജിക്കൽ സെമിനാരിയിൽ സ്കോളർഷിപ്പോടെ വേദശാസ്ത്ര പഠനത്തിന് അഡ്മിഷൻ ലഭിച്ചു. വിസയും പാസ്പോർട്ടും കയ്യിൽ ലഭിച്ചു.

ഈ അവസരത്തിലാണ് ശോശാമ്മ മഞ്ഞുമലകളിൽ നിന്ന് ഇറങ്ങി വരുന്ന ആട്ടിൻകൂട്ടത്തിന്റെ ദർശനം കണ്ടത്. അതോടെ അമേരിക്കയിൽ പോകുക എന്ന സ്വപ്നം വേണ്ടെന്നു വെക്കാൻ ആ ദമ്പതികൾ തീരുമാനിച്ചു. മാത്രവുമല്ല വലിയ നേട്ടങ്ങൾ ഉണ്ടാക്കാവുന്ന മിലിട്രിയിലെ ജോലി രാജിവയ്ക്കാനും തീരുമാനമെടുത്തു. എന്തു വരുമാനം, എങ്ങനെ ജീവിക്കും എന്നൊന്നും ചിന്തിക്കാതെ അവർ ജീവിതം മഞ്ഞുമലകൾക്കായി മാറ്റിവച്ചു.

*ശേഷം പേജ് 9*


## കാഷ്മീരിലേക്ക് മിഷനറി കുടുംബത്തെ ആവശ്യമുണ്ട്

കാഷ്മീരിലെ രാംനഗറിൽ പ്രവർത്തിക്കുന്ന പെനട്രേഷൻ റെസ്റ്റോറേഷൻ മിനിസ്ട്രിയിൽ ചേർന്നു പ്രവർത്തിക്കുവാൻ മിഷനറി കുടുംബത്തെ ആവശ്യമുണ്ട്. സുവിശേഷവേലക്ക് നല്ല സമർപ്പണമുള്ളവർക്ക് ഇന്ത്യയുടെ ഈ മനോഹര ഭൂമിയിൽ കർത്താവിനു വേണ്ടി അധ്വാനിക്കാൻ സാധിക്കും. അതിർത്തിയിൽ നിന്ന് വളരെയധികം ദൂരെയായതിനാൽ സൈന്യ സാന്നിധ്യമോ മറ്റ് പ്രശ്നങ്ങളോ ഉള്ള മേഖലയല്ല രാംനഗർ.

താല്പ്പര്യമുള്ളവർ ബൈബിൾ കോളജ് പഠനം നടത്തിയവർ ആയിരിക്കണം. ഡ്രൈവിംഗ് അറിയാവുന്നവർക്ക് മുൻഗണ. ഭാര്യ ഡിഗ്രി ഉള്ളവരാണെങ്കിൽ സ്കൂളിൽ ജോലി ലഭിക്കും.
മക്കൾ ഉണ്ടെങ്കിൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ സൗജന്യ വിദ്യാഭ്യാസം ലഭിക്കും.

Contact: **Rev.P.M.Philip, Yishu Bhavan, Ramnagar P.O**
**Jammu & Kashmir 182122 Email: pmphilipjk@gmail.com**
**01990 227136, 09419214126**


## പാസ്റ്റർമാരുടെ മക്കൾക്ക് മികച്ച വിജയം

**ജോയൽ പി.ജോയ്**



ഇക്കഴിഞ്ഞ പ്ലസ് ടൂ പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ.പ്ലസ് നേടി മികച്ച വിജയം കൈവരിച്ച ജോയൽ പി. ജോയി തുടർപഠനത്തിന് സുമനസ്സുകളുടെ സഹായം തേടുന്നു. അസംബ്ലീസ് ഓഫ് ഗോഡ് വയനാട് കല്ലൂർ എന്ന സ്ഥലത്തെ പാസ്റ്റർ ജോയ് മാത്യു-ജോയിസ് ദമ്പതികളുടെ മകനാണ് ജോയൽ. എസ്.എസ്.എൽ.സി.പരീക്ഷയിലും ജോയലിന് എല്ലാ വിഷയത്തിലും എ.പ്ലസ് ലഭിച്ചിരുന്നു. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഈ കുടുംബത്തിന് മകന്റെ പഠനം തുടരുന്നതിന് ദൈവമക്കളുടെ സഹായം പ്രതീക്ഷിക്കുന്നു.

സഹോദരൻ ജോമോൻ ഇടതു കൈക്കും ഇടതുകാലിനും ജന്മനാ വൈകല്യമുണ്ട്. പ്ലസ് ടു കഴിഞ്ഞ് ഇപ്പോൾ കമ്പ്യൂട്ടർ പഠനത്തിലാണ് ജോമോൻ.ഫോൺ: 9946650769



**ആൻസി ഫേബ**

ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി.പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ.പ്ലസ് നേടി മികച്ച വിജയം നേടിയ ആൻസി ഫേബ. ഐ.പി.സി. തിരുവനന്തപുരം ആറാമട സെന്ററിലെ കൊറ്റാമം സഭാ ശുശ്രൂഷകൻ പാസ്റ്റർ റോബിൻ ജോൺ-മിനി ദമ്പതികളുടെ മകളാണ് ആൻസി ഫേബ. അമരവിള എൽ.എം.സി.സ്കൂൾ വിദ്യാർത്ഥിനിയാണ്. ഫോൺ: 9447462861

## ഡബ്ല്യു.എം.ഇ. സണ്ടേസ്കൂൾ സംസ്ഥാന അദ്ധ്യാപക സെമിനാർ




റാന്നി: ഡബ്ല്യൂ. എം. ഇ. സണ്ടേസ്കൂൾ മിനിസ്ട്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല അദ്ധ്യാപക സെമിനാർ റാന്നിയിൽ നടന്നു. റവ. ഒ. എം. രാജുക്കുട്ടി ഉദ്ഘാടനം ചെയ്തു. "ക്രിസ്തുയേശുവിന്റെ ശുശ്രൂഷകനായിരിക്ക" എന്നതായിരുന്നു ചിന്താവിഷയം. ഡയറക്ടർ ഡോ.എം.കെ.സുരേഷ് ബാലസുവിശേഷീകരണവും വെല്ലുവിളികളും എന്ന വിഷയത്തെക്കുറിച്ചും, സെക്രട്ടറി നിബു അലക്സാണ്ടർ സമകാലീന അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം എന്ന വിഷയത്തിൽ ക്ലാസ്സുകൾ നയിച്ചു.

## വിക്ടറി ഇന്റർനാഷണൽ എ.ജി. ഉപവാസപ്രാർത്ഥന സമാപിച്ചു



ബാംഗ്ലൂർ: ബാംഗ്ലൂരിലെ വലിയ പെന്തെക്കോസ്ത് സഭകളിലൊന്നായ വിക്ടറി ഇന്റർനാഷണൽ അസംബ്ലീസ് ഓഫ് ഗോഡിന്റെ വാർഷിക ഉപവാസ പ്രാർത്ഥന സമാപിച്ചു. ഏപ്രിൽ 22 മുതൽ 21 ദിവസം നടന്ന യോഗങ്ങളുടെ സമാപന ആരാധനയിൽ റവ.അനിസൺ കെ.സാമുവേൽ മുഖ്യപ്രഭാഷണം നടത്തി. സഭാ സീനിയർ പാസ്റ്റർ റവ.രവി മണി ആരാധനക്ക് നേതൃത്വം നൽകി.

റവ.ടി.സി.തോമസ്, റവ.സി.ഒ.ജേക്കബ്, റവ.മനു മേനോൻ, റവ.ജിബു ജേക്കബ്, ജാനറ്റ്, എന്നിവർ പ്രസംഗിച്ചു. ആയിരക്കണക്കിനാളുകൾ ഓരോ ദിവസവും ശുശ്രൂഷകളിൽ പങ്കെടുത്തു.

## സെന്റർ കൺവൻഷൻ

തിരുവനന്തപുരം: ഐ.പി.സി. നോർത്ത് സെന്റർ 2014-ലെ വാർഷിക കൺവൻഷൻ ജനുവരി 9-12 വരെ നടക്കും. പാസ്റ്റർ ജേക്കബ് ജോൺ മുഖ്യാതിഥി ആയിരിക്കും.

# പ്രയർ ടവ്വർ പ്രതിഷ്ഠിച്ചു



തിരുവനന്തപുരം: ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ തിരുവനന്തപുരം ഉള്ളൂർ സെന്റർ ചർച്ചിന്റെ പാഴ്സനേജിന്റെയും പ്രയർ ടവ്വറിന്റെയും പ്രതിഷ്ഠാ ശുശ്രൂഷ മെയ് 11-ന് പാസ്റ്റർ കെ.സി.തോമസ് നിർവ്വഹിച്ചു. ഇവിടെ 24 മണിക്കൂറും പ്രാർത്ഥനക്കായി ഒരു പ്രയർ ടവ്വറും പ്രവർത്തനമാരംഭിച്ചു. പാസ്റ്റർ ജോയ്സ് ചാക്കോ ഇവിടെ ശുശ്രൂഷിക്കുന്നു. തിരുവനന്തപുരത്തു വരുമ്പോൾ പ്രാർത്ഥനക്കായും കൂട്ടായ്മക്കായും ബന്ധപ്പെടുക:

I.P.C.Central Church, Medical College P.O.,(Near Ulloor Bridge), Ulloor, Thiruvananthapuram-695 011. Ph: 0471-2550061, 9446684842

# ചർച്ച് ഓഫ് ഗോഡ് യു.കെ. & അയർലണ്ട് കോൺഫ്രൻസ്









**ജോസ്മോൻ പൗലോസ്**

ലണ്ടൻ: ചർച്ച് ഓഫ് ഗോഡ് യു.കെ. & അയർലണ്ട് മലയാളം സെക്ഷന്റെ ആറാമത് നാഷണൽ കോൺഫ്രൻസ് ജൂലൈ 12-13 വരെ ഹൈവൈ കൊംബ് പ്രയർ സെന്ററിന്റെ നേതൃത്വത്തിൽ നടക്കും. മാറുന്ന ലോകത്തിലെ മാറ്റമില്ലാത്ത അടിസ്ഥാനം എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. പ്രസിഡന്റ് റവ.ജോ കുര്യൻ ഉദ്ഘാടനം ചെയ്യും. ഡോ.സാബു വർഗീസ്, പാസ്റ്റർ സാം റ്റി. മുഖത്തല, സുവി. സ്റ്റാൻലി ജോൺ എന്നിവർ മുഖ്യപ്രസംഗകരായിരിക്കും. ഇംഗ്ലണ്ടിൽ നിന്നും അയർലണ്ടിൽ നിന്നും മറ്റിതര രാജ്യങ്ങളിൽ നിന്നും ദൈവജനം കോൺഫ്രൻസിൽ സംബന്ധിക്കുമെന്ന് കൺവീനർ സുവി.ജോസ്മോൻ പൗലോസ് അറിയിച്ചു. കോൺഫ്രൻസിന്റെ വിജയകരമായ നടത്തിപ്പിനായി കമ്മിറ്റികൾ രൂപീകരിച്ചു. പാസ്റ്റർ തോമസ് ജോർജ്ജ് (നാഷണൽ സെക്രട്ടറി), പാസ്റ്റർ ഫിന്നി ജോൺ (കൺവീനർ), സുവി.വിത്സൻ മാത്യു (സെക്രട്ടറി), മാമ്മൻ ജോർജ്ജ് (ട്രഷറാർ), സുരേഷ് കുരുവിള, മിൽമോൻ മാത്യു, മനു വർഗീസ് എന്നിവർ വിവിധ ചുമതലകൾ വഹിക്കുന്നു.

# ശാരോൻ സണ്ടേസ്കൂളിന് വെബ്സൈറ്റ്




തിരുവല്ല: ശാരോൻ ഫെലോഷിപ്പ് സണ്ടേസ്കൂൾ അസോസിയേഷൻ വെബ്സൈറ്റ് ആരംഭിച്ചു. മെയ് 17-ന് സഭാ വൈസ് പ്രസിഡന്റ് ഡോ.റ്റി. പി.ഏബ്രഹാം സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു. ശാരോൻ സണ്ടേസ്കൂളിന്റെ ചരിത്രം, സിലബസ്, എക്സിക്യൂട്ടീവ് ഭാരവാഹികൾ, മാഗസിൻ, ബോധവത്ക്കര വീഡിയോ ക്ലിപ്പുകൾ, അസോസിയേഷൻ ഈ വർഷം ആരംഭിച്ച വിവിധ പദ്ധതികൾ തുടങ്ങി നിരവധി വിവരങ്ങൾ ഇതിലൂടെ ലഭ്യമാണ്. വിലാസം www.sharonsundayschool.org

# പാസ്റ്റർ ഡി.കുഞ്ഞുമോനെ ആദരിച്ചു

തിരുവനന്തപുരം: അസംബ്ലീസ് ഓഫ് ഗോഡ് ദക്ഷിണ മേഖലാ ശബ്ദം എന്ന പ്രസിദ്ധീകരണത്തിലൂടെ നൽകിയ സാഹിത്യ സംഭാവനകൾക്ക് എ.ജി.ദക്ഷിണമേഖല പാസ്റ്റർ ഡി.കുഞ്ഞുമോനെ ആദരിച്ചു. മെയ് 5 ന് കാട്ടാക്കടയിൽ നടന്ന മേഖലാ പൊതു സഭാരാധനയിൽ എസ്.ഐ.എ.ജി ജനറൽ സൂപ്രണ്ട് പാസ്റ്റർ വിടി.എബ്രഹാം മൊമന്റോ സമ്മാനിച്ചു. പാസ്റ്റർ എൻ.ക്രിസ്തുദാസ് അദ്ധ്യക്ഷത വഹിച്ചു.

# കർണ്ണാടക യു.പി.എഫ് പാസ്റ്റർ റ്റി.ഡി.തോമസ് പ്രസിഡന്റ്



പാസ്റ്റർ റ്റി.ഡി.തോമസ്



പാസ്റ്റർ ഇ.ജെ.ജോൺസൺ



ജോയ് പാപ്പച്ചൻ

ബാംഗ്ലൂർ: കർണ്ണാടകയിലെ ക്രൈസ്തവ പെന്തെക്കോസ്ത് സഭകളിലെ വിശ്വാസികളുടെയും ശുശ്രൂഷകരുടെയും ആത്മീയ സംഘടനയായ കർണ്ണാടക യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പ് (കെ.യു.പി.എഫ്) സംസ്ഥാന പ്രസിഡന്റായ പാസ്റ്റർ റ്റി.ഡി.തോമസ് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ സി.ജി.ബാബൂസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഇ.ജെ.ജോൺസൺ (ജനറൽ സെക്രട്ടറി), ഉമ്മൻ വി.ജോൺ (ജോയിന്റ് സെക്രട്ടറി), ജോയ് പാപ്പച്ചൻ (ട്രഷറാർ), എ.കെ.ജേക്കബ് (ജോ.ട്രഷറാർ), എന്നിവരെയും തിരഞ്ഞെടുത്തു. വിവിധ ക്രൈസ്തവ പെന്തെക്കോസ്ത് സഭകളിലെ പ്രധാന ശുശ്രൂഷകരായ പാസ്റ്റർ എം.ഐ.ഈപ്പൻ, പാസ്റ്റർ സി.വി.ഉമ്മൻ, പാസ്റ്റർ റ്റി.ഡി.തോമസ്, ഡോ.ജോൺ താന്നിക്കൽ, എന്നിവരുടെ നേതൃത്വത്തിൽ ഹെണ്ണൂർ ന്യൂലൈഫ് കോളജ് ഹാളിലായിരുന്നു തിരഞ്ഞെടുപ്പും സമ്മേളനവും നടന്നത്. വിവിധ സഭകളിൽ നിന്നുള്ള വിശ്വാസികളും ശുശ്രൂഷകരും പങ്കെടുത്ത യോഗത്തിൽ പാസ്റ്റർ എം.എ.വർഗീസ് പ്രസംഗിച്ചു. സോണി ജോർജ്ജ് പുന്നവേലിയുടെ നേതൃത്വത്തിൽ ഗാനശുശ്രൂഷയും നടത്തി. ഡോ.ജോൺ താന്നിക്കൽ, പാസ്റ്റർ എം.ഐ.ഈപ്പൻ എന്നിവരെ രക്ഷാധികാരികളായും, 21 കൗൺസിൽ അംഗങ്ങളെയും തിരഞ്ഞെടുത്തു.

# എച്ച്.എം.ഐ. ജില്ലാ സമ്മേളനം

കല്ലിശ്ശേരി: എച്ച്.എം.ഐ. കോട്ടയം ജില്ലാ സമ്മേളനം മെയ് 4ന് വടവാതൂർ ശാലേം ബൈബിൾ കോളേജിൽ നടന്നു. ഇവാ. വില്യം ഡാനിയേൽ, പ്രൊഫ. ഡോ. ടി.സി. കോശി, പാസ്റ്റർ എം.പി. ജോർജ്ജുകുട്ടി, പാസ്റ്റർ വി. ജെ. തോമസ്, ഇവാ. പി.സി. തോമസ്, ഇവാ. ജോൺ പി. നൈനാൻ തുടങ്ങിയവർ പ്രസംഗിച്ചു.

# ചേലക്കര യുപിഎഫ് ഭാരവാഹികൾ

ചേലക്കര: ചേലക്കര യു.പി.എഫ് ഭാരവാഹികളായി പ്രഡിസന്റ് പാസ്റ്റർ എം.സി സജി, വൈസ് പ്രസിഡന്റ് പാസ്റ്റർ റെജി, സെക്രട്ടറി പ്രസിഡൺ കെ ശമുവേൽ, ജോ.സെക്രട്ടറി പാസ്റ്റർ വി.ജെ ജോൺ, ട്രഷറാർ പാസ്റ്റർ അജീഷ്, പ്രയർ കൺവീനർ പാസ്റ്റർ ജയപ്രകാശ്, ഇവാഞ്ചലിസം പാസ്റ്റർ ജോൺ, യൂത്ത് സന്തീപ് ജോബ്, പബ്ലിസിറ്റി കെ വൈ ചാക്കോച്ചൻ, രക്ഷാധികാരികൾ പാസ്റ്റർ എ.സി സാമുവൽ, കെ.ജെ ജേക്കബ്, മത്തായി കാതേട്ട്, കെ.ജെ മത്തായി എന്നിവരെ തിരഞ്ഞെടുത്തു. ചേലക്കര യുപിഎഫിന്റെ 20-ാമത് കൺവൻഷൻ 2014 ഏപ്രിൽ നടത്തുന്നതിനുള്ള വിപുലമായ ഒരുക്കങ്ങൾ നടന്നു വരുന്നു.







# മഞ്ഞുമലകൾക്കിടയിലെ മനുഷ്യർക്കായി ..

7-ാം പേജിൽ നിന്നും

വിക്ക് മാറാതെ തന്നെ ദൈവത്തോട് എടുത്ത വാക്ക് പാലിച്ച് കാഷ്മീരിൽ എത്തിയ ഫിലിപ്പിനെ ദൈവം മാനിച്ചു. പരിശുദ്ധാത്മ നിറവു പ്രാപിച്ച് അന്യഭാഷയിൽ ദൈവത്തെ സ്തുതിച്ച അന്ന് വിക്ക് അപ്രത്യക്ഷമായി.

1988 വരെ സഹോദരൻ പി.എം തോമസിനോടൊപ്പം കാഷ്മീർ ഇവാഞ്ചലിക്കൽ ഫെലോഷിപ്പിൽ പ്രവർത്തിച്ചു. പിന്നീട് സ്വന്തമായി പെനട്രേഷൻ റെസ്റ്റോറേഷൻ മിനിസ്ട്രി എന്ന പേരിൽ സ്വന്തമായി പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ നാല് പ്രധാന സഭകളും 90 ഹൗസ് ചർച്ചുകളും ഈ പ്രസ്ഥാനത്തിനുണ്ട്. കൂടാതെ മനോഹരമായ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രസ്ഥാനത്തിന്റേതായി പ്രവർത്തിക്കുന്നു.

സുവിശേഷ പ്രവർത്തനത്തിന് കാഷ്മീരിൽ എതിർപ്പുകൾ വളരെ കുറവാണ്. മഞ്ഞുമലകൾക്കിടയിലെ ഗ്രാമങ്ങളിൽ എത്തിപ്പെടുക എന്നതാണ് പ്രധാന വെല്ലുവിളി എങ്കിലും വലിയ വേല നടക്കുന്നു. അതിർത്തിയിൽ നിന്ന് വളരെ ദൂരെ രാംനഗർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനാൽ മിലിട്രിയുടെ സാന്നിധ്യമോ യുദ്ധഭീതിയോ ഇല്ലാത്ത മേഖലയിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്.

പി.എം ഫിലിപ്പിന് ഇപ്പോൾ നാട്ടിൽ ആരുമില്ല. മല്ലപ്പള്ളിയിൽ നിന്ന് മാതാപിതാക്കളും സകലവും വിട്ട് ദീർഘവർഷങ്ങൾ കാഷ്മീരിൽ താമസിച്ചു. 105-ാം വയസുവരെ പൂർണ്ണ ആരോഗ്യവാനായി ജീവിച്ച ശേഷമാണ് പിതാവ് മരിച്ചത്. 103 വയസുവരെ അദ്ദേഹം പി.എം ഫിലിപ്പിനോടൊപ്പം കാഷ്മീരിലുണ്ടായിരുന്നു. മാതാവ് അടക്കപ്പെട്ടതും കാഷ്മീരിലാണ്.

കാഷ്മീരിന്റെ ഏതെങ്കിലുമൊരു മലമടക്കിൽ കർത്താവിനു വേണ്ടി എരിഞ്ഞടങ്ങണമെന്നതിലപ്പുറം ലക്ഷ്യങ്ങളില്ലാത്ത ഈ ദമ്പതികൾക്ക് സുവിശേഷവുമായി ഇനിയുമേറെ മഞ്ഞുമലകളും താഴ്‌വരകളും കയറിയിറങ്ങുവാനുണ്ട്.

## ഹാലേലൂയ്യാ ഇയർ ബുക്ക് അറിയിപ്പ്

ഹാലേലൂയ്യാ തയ്യാറാക്കുന്ന ഇയർബുക്ക് പ്രസിദ്ധീകരണ തീയതി പുതുക്കി നിശ്ചയിച്ചു. 2013 നവംബർ അവസാന ആഴ്ചയായിരിക്കും ഇയർ ബുക്ക് പ്രസിദ്ധീകരിക്കുന്നത്. ഹൂ ഈസ് ഹൂവിലേക്ക് വിവരങ്ങൾ നൽകിയിട്ടുള്ളവരും പരസ്യങ്ങൾ തന്നിട്ടുള്ളവർക്കും ഇതു സംബന്ധമായ വിശദമായ കത്ത് ഓഫീസിൽ നിന്ന് അയക്കുന്നതാണ്.

പുതിയ ഒരു സംരംഭം എന്ന നിലയിൽ ഒട്ടനവധി പഴയ ചരിത്ര രേഖകൾ പരിശോധിച്ചും, അന്വേഷണങ്ങൾ നടത്തിയുമാണ് ഇയർബുക്ക് തയ്യാറാക്കുന്നത്. പെന്തെക്കോസ്ത് സമൂഹത്തിന്റെ വളർച്ചക്ക് നിർണ്ണായക പങ്കു വഹിച്ച നൂറുകണക്കിന് വ്യക്തികളുടെ ലഘു ജീവ ചരിത്ര കുറിപ്പുകൾ, 1909 മുതൽ 2013 വരെയുള്ള 114 വർഷത്തിൽ ഓരോ വർഷവും പെന്തെക്കോസ്തുമായി ബന്ധപ്പെട്ട് ഉണ്ടായ സംഭവങ്ങൾ, കേരളത്തിലും പുറത്തുമുള്ള നൂറുകണക്കിന് മലയാളി പെന്തെക്കോസ്ത് സഭാ സംഘടനകളെക്കുറിച്ചുള്ള ലഘു വിവരണം, 2012, 2013 വർഷങ്ങളിൽ സംഭവിച്ച പ്രധാന സംഭവങ്ങൾ തുടങ്ങി ആയിരക്കണക്കിന് വിവരങ്ങൾ ഈ ഇയർബുക്കിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിവരശേഖരണം എഡിറ്റിങ് എന്നിവയിൽ വന്ന അപ്രതീക്ഷിത തടസങ്ങളാണ് പ്രസിദ്ധീകരണ തീയതി നീട്ടി വയ്ക്കുവാൻ കാരണമായത്. ബഹുമാന്യ വായനക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടിൽ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും ഈ സംരംഭത്തിന് തുടർന്നും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു. വിനയപൂർവ്വം

*സുവി.സാംകുട്ടി ചാക്കോ നിലമ്പൂർ* ചീഫ് എഡിറ്റർ


KERALA CHRISTIAN ASSEMBLY TORONTO

SEEKING SENIOR PASTOR

KCA is one of the largest Malayalee Pentecostal churches in North America. Our membership also consist a large youth group. We are currently seeking applications from suitable candidates to fill the position of Senior Pastor from July 2014.

The candidate may posses a minimum qualification of Master of Theology degree or equivalent; and at least 10 years of pastoral experience in established churches preferably in North America. He shall have fluency in Malayalam and English languages.

The candidate shall be passionate for God and have a Christ-like spirit. These qualities will be evidenced in his personal life, his family relationships, and his ministry. Must have the capacity to envision the future and its possibilities and possess the leadership skills necessary to lead a large church.

Interested candidates please contact through email secretary@keralachristianassembly.com



ഡൂലോസ് ബിബ്ലിക്കൽ സെമിനാരി വെച്ചൂച്ചിറ

അനുഗ്രഹകരമായ 12-ാം വർഷത്തിലേക്ക്

ഐ.പി.സി. ജനറൽ കൗൺസിൽ അംഗീകൃതം

സഭാ ശുശ്രൂഷയ്ക്കും പ്രേഷിത പ്രവർത്തനത്തിനും മികച്ച പരിശീലനം B.Th. തിയോളജിക്കൽ ബിരുദവും യൂണിവേഴ്സിറ്റി അംഗീകാരമുള്ള B.A. ബിരുദവും ഒരുമിച്ച് കരസ്ഥമാക്കാവുന്ന പാഠ്യപദ്ധതി (English)

| കോഴ്സുകൾ | മാധ്യമം | കാലാവധി | യോഗ്യത |
|---|---|---|---|
| B.Th | ഇംഗ്ലീഷ് | 3 വർഷം | S.S.L.C. Passed |
| G.Th | മലയാളം | 2 വർഷം | S.S.L.C |
| C.Th | മലയാളം | 1 വർഷം | |

ക്ലാസ്സുകൾ ആരംഭിച്ചു

അഡ്മിഷൻ തുടരുന്നു

പ്രത്യേകതകൾ

* 3 വർഷം കൊണ്ട് B.Th. ഉം B.A. ഉം കരസ്ഥമാക്കാം * ഹിന്ദി, ഗ്രീക്ക്, ഹീബ്രു ഭാഷകളിൽ വിജ്ഞാനം നൽകുന്നു * പ്രത്യേകം ക്ഷണിക്കുന്ന അദ്ധ്യാപകരുടെ സെമിനാറുകൾ * അനുഭവസമ്പന്നരും പ്രഗത്ഭരുമായ അദ്ധ്യാപകർ * വിശാലമായ കാമ്പസ്സ് * താമസം, ഭക്ഷണം എന്നിവ സൗജന്യം * തികഞ്ഞ പ്രാർത്ഥനാന്തരീക്ഷം * മികച്ച ലൈബ്രറി സൗകര്യം * പഠനത്തോടൊപ്പം പ്രായോഗിക പരിശീലനം * ഹിന്ദി ഇംഗ്ലീഷ് ഭാഷകളിൽ പരിശീലനം

അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക

Principal
D.B.S., P.B. No: 2,
Vechoochira, PTA - 686511.
Ph: 04735 - 265115, 9747284743

Pr. V.P. Jose
*Director*



Pr. V. S. Varghese
*Principal*



INFANT JESUS
GROUP OF ENGINEERING COLLEGES
♦Colleges Approved by AICTE, New Delhi ♦ Affiliated to Anna University
[Christian Minority - ISO 9001 : 2008 Certified Institutions]
TIRUNELVELI, THOOTHUKUDI 628851

100% Placement Assistance
Lateral Entry Seats Available
KERALA FOOD RAGGING FREE CAMPUS
14 ANNA UNIVERSITY RANK HOLDERS

BE •AERO•AUTO•CIVIL•CSE •ECE•EEE•MECH•IT

ME •AERO •Applied Electronics •CAD/CAM •CSE •PED •ECE •Engg. Design •Commn. Systems •Structural Engineering •MBA

NO DONATION Fees 90,000 / Yr. INCLUDING TUTION FEES FOOD & ACCOMODATION

Call @ 9947963438 9847170530

CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION
1st Floor, Amprayil Bldgs, YMCA Jn. THIRUVALLA
Ph: 0469-2620999, 2606002

## യാത്രയായവർ

### അന്നമ്മ ഏബ്രഹാം



എടത്വാ: പരുത്തിമൂട്ടിൽ പരേതനായ പി.സി.ഏബ്രഹാമിന്റെ ഭാര്യ, ആദ്യകാല പെന്തെക്കോസ്ത് വിശ്വാസിയും പ്രവർത്തകയുമായ അന്നമ്മ ഏബ്രഹാം (92) മെയ് 18-ന് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരം 23-ന് ആനപ്രമ്പാൽ ഐ.പി.സി.സെമിത്തേരിയിൽ പാസ്റ്റർ എം.വി.വർഗീസ് നടത്തി. കങ്ങഴ പണിക്കരുവീട്ടിൽ കുടുംബാംഗമാണ്.

മക്കൾ: ബാബു, ജോയി, ലിസിക്കുട്ടി, വത്സൻ, ആലീസുകുട്ടി, ജയിംസുകുട്ടി, മരുമക്കൾ: സൂസി, അമ്മിണി, അനിയൻകുഞ്ഞ്, ലീലാമ്മ, തങ്കച്ചൻ, സൂസൻ.

### പെരുമ്പലത്ത് പി.എം മത്തായി



നിലമ്പൂർ: പെരുമ്പലത്ത് പി.എം. മത്തായി മെയ് 13-ന് നിര്യാതനായി. പുല്ലംഞ്ചേരി ചർച്ച് ഓഫ് ഗോഡ് സഭാംഗമായിരുന്ന ഇദ്ദേഹം ദീർഘ വർഷങ്ങൾ സണ്ടേസ്കൂൾ അദ്ധ്യാപകനായും, ആത്മീയ-ഭൗതീക കെട്ടുപണിക്കായി സ്തുത്യർഹമായ സേവനം സഭക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഭാര്യ: പരേതയായ കുഞ്ഞമ്മ മത്തായി.

മക്കൾ: പി.എം.മാത്യു (അച്ചൻകുഞ്ഞ്), പി.എം. ഏബ്രഹാം (ബേബി), പി.എം.തോമസ് (എല്ലാവരും യു.എസ്.എ), കുഞ്ഞുമോൾ (ഇന്ത്യ), പൊന്നമ്മ, അമ്മിണി, മോളി, പി.എം. അലക്സാണ്ടർ (സാംകുട്ടി), റോസമ്മ, പി.എം.ജേക്കബ് (സണ്ണി), ആലീസ് (എല്ലാവരും യു.എസ്.എ.) മരുമക്കൾ: ജോളി, കുഞ്ഞന്നാമ്മ, ചിന്നമ്മ, പാസ്റ്റർ റ്റി.ജെ.ഡാനിയേൽ, പാസ്റ്റർ കെ.വി.ജോർജ്ജ്, പാസ്റ്റർ മാത്യു ചെറിയാൻ, പാസ്റ്റർ രാജൻ ഏബ്രഹാം, ജോളി, രാജൻ ആര്യപ്പള്ളിൽ(അറ്റ്ലാന്റ), ഷീല, പാസ്റ്റർ ഫിന്നി മാത്യു.

### കുഞ്ഞമ്മ ബേബി



ഇരമത്തൂർ: പുലിത്തിട്ട പുത്തൻവീട്ടിൽ പരേതനായ പി.ഒ.ബേബിയുടെ ഭാര്യ കുഞ്ഞമ്മ ബേബി (74) മെയ് 24-ന് നിര്യാതയായി. സംസ്കാരം 27-ന് ഇരമത്തൂർ ദൈവസഭാ സെമിത്തേരിയിൽ പാസ്റ്റർ പി.ജെ.തോമസ് നടത്തി. പാസ്റ്റർമാരായ എം.ഇ.ജേക്കബ്, എ. അച്ചൻകുഞ്ഞ് തുടങ്ങിയവർ പ്രസംഗിച്ചു. മക്കൾ: റോസമ്മ, മോനച്ചൻ, ബ്ലസൻ, ജോളി, പാസ്റ്റർ ഷാജി.

### റെയ്ച്ചലാമ്മ തോമസ്



ഭോപ്പാൽ: ഐ.പി.സി.ബഥേൽ റ്റി.റ്റി.നഗർ സഭാംഗവും, വി.തോമസിന്റെ ഭാര്യയുമായ റെയ്ച്ചലാമ്മ തോമസ്(66) മെയ് 26-ന് നിര്യാതയായി. സംസ്ക്കാരം 27-ന് ബെതെസ്ദാ ക്രിസ്ത്യൻ സെമിത്തേരിയിൽ പാസ്റ്റർ വർഗീസ് മാത്യു (ഐ.പി.സി.എം.പി.സ്റ്റേറ്റ് സെക്രട്ടറി) നടത്തി. പാസ്റ്റർ എം.സി.ഏബ്രഹാം ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മധ്യപ്രദേശ് ഗവൺമെന്റ് സ്കൂൾ റിട്ടയേർഡ് ഹെഡ്മിസ്ട്രിസ് ആയിരുന്നു. മക്കൾ: ഡെൻസൻ, ഡയാന

## സായാഹ്ന ബൈബിൾ ക്ലാസ്

കോട്ടയം: ഐ.പി.സി.തിയോളജിക്കൽ സെമിനാരിയുടെ ആഭിമുഖ്യത്തിൽ ജൂൺ 3 മുതൽ പുതുപ്പള്ളി പുത്തൻപറമ്പിൽ ബിൽഡിങ്ങിൽ തിങ്കൾ, ചൊവ്വാ, ബുധൻ ദിവസങ്ങളിൽ വൈകുന്നേരം 6-8 വരെ ക്ലാസുകൾ നടക്കും. ബൈബിളിലെ എല്ലാ പുസ്തകങ്ങളും അനുബന്ധവിഷയങ്ങളും ക്രമീകൃതമായി പഠിപ്പിക്കുന്ന ഈ ക്ലാസുകളിൽ ചേർന്ന് പഠിക്കുവാൻ സെമിനാരിയുമായി ബന്ധപ്പെടുക ഫോൺ: 0481-2351774

## പ്രവർത്തോനോദ്ഘാടനവും സഹായവിതരണവും

തീയാടിക്കൽ: 60-ാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ഐ.പി.സി.സീയോൻ പി.വൈ.പി.എ.വെള്ളിയറയുടെ പ്രവർത്തനോദ്ഘാടനവും വിദ്യാഭ്യാസ സഹായവും മെയ് 25-ന് സഭാ ഹാളിൽ നടന്ന യോഗത്തിൽ പാസ്റ്റർ മാത്യു പി.കുര്യൻ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ റജി ഫിലിപ്പ് (യു.എസ്.എ) മുഖ്യസന്ദേശം നൽകി.


# GRACE CONSULTANCY (Regd)

Kerala: 9947118722, 9495834792
AP: 040-24021981, 09032673083, 08374423010

റാഗിംഗ് ഭയം കൂടാതെ നേഴ്സിംഗ് പഠനം ആഗ്രഹിക്കുന്ന പെൺകുട്ടികളുടെ മാതാപിതാക്കളുടെ ശ്രദ്ധക്ക്:

**അഡ്മിഷൻ നൽകുന്ന സ്ഥാപനങ്ങൾ:**
1. KALANJALI COLLEGE OF NURSING
2. SWAPNA SCHOOL OF NURSING (SWAPNA HOSPITAL)

കഴിഞ്ഞ 32 വർഷമായി ഹൈദരബാദിൽ സ്ഥിരതാമസവും അനേക നേഴ്സിംഗ് സ്കൂളുകളിലെ കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കയും ചെയ്യുന്ന പാസ്റ്റർ ബാബു രാജൻ അഡ്മിനിസ്ട്രേറ്ററായി നടത്തുന്ന കലാഞ്ചലി കോളജ് ഓഫ് നേഴ്സിംഗ്, സ്വപ്ന സ്കൂൾ ഓഫ് നേഴ്സിംഗ് എന്നീ സ്ഥാപനങ്ങളിൽ അഡ്മിഷന് താത്പര്യമുള്ളവർ ബന്ധപ്പെടുക.

Engineering പഠനം ആഗ്രഹിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കുറഞ്ഞ ഫീസിൽ, എല്ലാ അംഗീകാരങ്ങളുമുള്ള Engineering College-ൽ അഡ്മിഷൻ നൽകപ്പെടുന്നു. IBM അംഗീകാരമുള്ള AP യിലെ ഏക ഇൻസ്റ്റിറ്റ്യൂഷനിലും, 100% placement ഉള്ളതുമായ എഞ്ചിനിയറിംഗ് കോളജിലും, പെൺകുട്ടികൾക്ക് മാത്രമുള്ള എഞ്ചിനിയറിംഗ് കോളജിലും അഡ്മിഷൻ നൽകപ്പെടുന്നു.

1. Dhruva Engineering Institution 2. Netaji Engineering Institution 3. Noble Engineering Institution.

NB: നേഴ്സിംഗ് സംബന്ധമായ എല്ലാ സർട്ടിഫിക്കറ്റുകളും ഉത്തരവാദിത്വത്തോടുകൂടി ചെയ്തു കൊടുക്കും.

Address: N. Babu Rajan, H.No. 3-10-425,
G.J. colony, LB Nagar P.O., Hyderabad - 74



# മിനിറ്റ്സ്, അക്കൗണ്ട്സ് പരിശീലനം

**ചാരിറ്റബിൾ സൊസൈറ്റി നിയമപ്രകാരം പ്രവർത്തിക്കുന്ന സംഘം, സംഘടന, സഭ, സ്ഥാപനത്തിന്റെ മിനിറ്റ്സ്, അക്കൗണ്ട്സ് തയ്യാറാക്കുന്നതിൽ ഏകദിന പരിശീലനം നൽകുന്നു.**

**തീയതി: 2013 ജൂൺ 8 ശനി**

**സ്ഥലം: അടൂർ**

പ്രവേശനം മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് മാത്രം.

Mob: 9847799762 / Email:dawnmavady@gmail.com



# EBENEZER THEOLOGICAL SEMINARY

**Vengoor –P.O; AYUR-691 533, KERALA**

*ACCREDITED BY ATA (ASIA THEOLOGICAL ASSOCIATION)*

*APPLICATIONS ARE INVITED FOR THE FOLLOWING DEGREE PROGRAMS*

**M.Th in CHURCH HISTORY (Accredited by ATA)**
**M.Th in MISSION (Accredited by ATA)**
**M.Div. (Accredited by ATA)**
**M.Div. (Distance Education- Accredited by ATA)**
**B.Th (BACHELOR OF THEOLOGY-Accredited by ATA)**

**FULL SCHOLARSHIP for the RESIDENTIAL STUDENTS**

* Academic Excellence *Spiritual Emphasis
*Prospect for Higher Studies *Ministry opportunities.

*For further details contact:*

E-mai:etsindia2003@yahoo.co.in
Ph.0474-249-2237; 0474-249-3053; 9447264879; 8086933809



# WELLNESS-2013

***An Educational Programme***

പ്ലസ് ടു പാസ്സായവർക്കും, സാമ്പത്തിക പിന്നോക്കം നില്ക്കുന്നവർക്കും, സേ പരീക്ഷ എഴുതുന്നവർക്കും ഉപരിപഠനത്തിനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് (INC, APNMC, KNC, AICTE, JNTUH, RGUH & NTR University) എന്നീ അംഗീകാരമുള്ള പ്രൊഫഷണൽ കോളജുകളിൽ Engineering, Nursing (GNM, B.Sc., Post B.Sc., M.Sc., Pharmacy എന്നീ കോഴ്സുകൾക്ക് ഫീസ് ഇളവോടുകൂടി ഡൊണേഷൻ, അധിക ഫീസ്, അഡ്മിഷൻ ഫീസ് എന്നിവയില്ലാതെ പെനിയേൽ ചാരിറ്റിബിൾ ട്രസ്റ്റ് സുരക്ഷിത പഠനത്തിന് അഡ്മിഷൻ നൽകുന്നു. സ്വന്തമായി 300-ലധികം ബെഡ്ഡുകളോടു കൂടിയ Super Speciality hospital പരിശീലനത്തിനും കൂടാതെ പഠനശേഷം കോളജിന്റെ അംഗീകാരത്തോടെ ഹൈദ്രബാദ് കിംഗ്സ് ഹോസ്പിറ്റലിൽ പ്ലേസ്മെന്റും നൽകുന്നു. ANM പഠിച്ച കുട്ടികൾക്ക് ഫീസ്‌ലെസ്സായി സ്റ്റൈഫെൻഡോട് കൂടി GNM-ന് കോളജിൽ നിന്ന് ലോൺ സൗകര്യത്തോടു കൂടി പഠിക്കുവാൻ അഡ്മിഷൻ നൽകുന്നു. സീറ്റുകൾ പരിമിതം. ഉടൻ ബന്ധപ്പെടുക.

**Wellness-2013, Adm: Office, Manarcard P.O., Kottayam-686 019**
**Mob: 09847020299, 09847549974**
**Email: mpdaniel09@gmail.com, penielct412@gmail.com**



## പെന്തെക്കോസ്ത് വിഭാഗത്തിലെ വിശ്വാസികളായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനൊരു സുവർണ്ണാവസരം...! *

**+2 പരീക്ഷയിൽ പരാജയപ്പെട്ട Kerala, CBSC കുട്ടികൾക്ക് തോറ്റവിഷയം മാത്രം എഴുതി പാസ്സാകാം !**

കേന്ദ്ര ഗവ. സർട്ടിഫിക്കറ്റ്, ജയിച്ച വിഷയം ട്രാൻസ്ഫർ ചെയ്യാൻ അവസരം, ലളിതമായ സിലബസ്, എല്ലാ കോഴ്സുകൾക്കും തുടർപഠനം.

**ENGG.** (All branches) 4 Yrs. Rs.31,250/sem
**POLY** (All branches) Min.pass 10 / +2 3 Yrs. Rs.10,000/sem.

| Course | Yrs | Hyderabad | Bangalore |
|---|---|---|---|
| B.Sc.Nursing | 4 | Rs.217500/- | Rs. 3,00,000 |
| General Nursing | 3½ | Rs. 75,000/- | Rs. 75,000 |
| Post.B.Sc. Regular, Distance Education Prog. | | | No Experience |

Pharm-D 6 Year — What is Pharm.D.? Call me *

ബാങ്ക് ലോൺ ലഭിച്ചതിനുശേഷം ഫീസ് അടയ്ക്കാൻ അവസരം

കേരളം, തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, പോണ്ടിച്ചേരി, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ ഗവ. അംഗീകൃത കോളേജുകളിൽ 2011-12 അദ്ധ്യയന വർഷത്തിലേക്കുള്ള അഡ്മിഷൻ തുടരുന്നു...

അഡ്മിഷനുവേണ്ടി ഉടൻ ബന്ധപ്പെടുക:

24 Hours Help Line
**Bro. P.C. RAJEEV**
9447008442, 9447387449, 9567560072

Career Vision .... Educational Consultancy
Room No. 306.D, 2nd Floor, Puthenpalathu Bldg, Near Collectorate, PATHANAMTHITTA.

* conditions apply

MBBS, BDS, BAMS, B-Pharm, D-Pharm, MPT, BPT, MBA, BBA, BHM, MCA, BCA, MSW, MSE (Micro-Bio), B.Sc. (Micro-Bio), B.Ed., LL.B., MTA etc.



# മംഗലാപുരത്ത് മികച്ച സ്ഥാപനങ്ങളിൽ മിതമായ ഫീസിൽ അഡ്മിഷൻ



**MBBS | BDS**
**BBA | MCA | MBA**
**PHARMACY**
**ENGINEERING**
**NURSING**
**OPTOMETRY, SPEECH & HEARING**
**RESPIRATORY THERAPY, BSC MLT**
**RENAL DIALYSIS, POLYTECHNIC**
**PERFUSION TECHNOLOGY Etc.**

ഫിസിക്സ്, കെമിസ്ട്രി, മാത്സ് എന്നീ വിഷയങ്ങൾക്ക് 45% മാർക്ക് ഉള്ളവർക്ക് എൻജിനീയറിംഗിന് അപേക്ഷിക്കാം. എൻട്രൻസ് ബാധകമല്ല. പാരാമെഡിക്കൽ കോഴ്സുകൾക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് 50% മാർക്ക് നേടിയിരിക്കണം. നഴ്സിംഗ്, ഫാം. ഡി, ബി. ഫാം, എം. എൽ. ടി, പെർഫ്യൂഷൻ, കാർഡിയോ വാസ്കുലർ, ബി. പി. റ്റി, സ്പീച്ച് & ഹീയറിംഗ്, റേഡിയോളജി, ഒപ്ടോമെട്രി തുടങ്ങിയ കോഴ്സുകളിലേയ്ക്കാണ് പ്രവേശനം. താത്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുമായി മാതാപിതാക്കളോടൊപ്പം നേരിട്ട് ബന്ധപ്പെടുക.

CAREER EDUCATION — WHERE EDUCATION HAS A NEW DIMENSION

Call @ 9947963438 9847170530

1st Floor, Amprayil Bldgs, YMCA Jn. THIRUVALLA

Every good gift and every perfect gift is from above, coming down from the *Father of lights*

Since : 1988
GRACE
Visual media

make your dream reality
Wedding Photography & Videography, Outdoor Shooting,
Live Convension & Cruside Music Night Etc....,Advertising,
Fashion Photography, Cinimatography, Video Album
Direction & Event plus...Tension free events...

HIGH DEFINITION PHOTOGRAPHY & VIDEO GRAPHY

Direction: HEBORN DAVID (sabu)
Grace Visual Media Shoranur, palakkad Dt., Kerala, S- India
09447255475, 09447370979
www.gracevisualmedia.com, E-mail: gracevisual@gmail.com

# ഹാലേലൂയ്യ matrimony

**മക്കളുടെ വിവാഹത്തിന് ഒരു ടെലിഫോൺ കോളും 500 രൂപയും**

ഹാലേലൂയ്യായിൽ വിവാഹ പരസ്യം പ്രസിദ്ധീകരിക്കുവാൻ താത്പര്യപ്പെടുന്നവർക്ക് ടെലിഫോൺ വഴിയും പരസ്യങ്ങൾ നൽകാവുന്നതാണ്.

**93495 00155, 0469-3290355**

Pentecostal parents inviting proposals for their daughter 24 yrs, working as a B.Sc. Nurse in Mumbai, baptized and spirit filled with a passion for ministry. We are seeking proposals from educated, and baptized and spirit filled candidates who have passion for ministry, (preference for candidates working abroad) if interested, please respond with full details and recent photos to:
**signature2021@gmail.com or 9446815732 (Kerala), 626 241 8070 (USA)**

---

ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽ നിന്ന് സ്നാനപ്പെട്ട് വിശ്വാസത്തിൽ വന്ന യുവാവ് 23, 5'4, +2, ജനറൽ നഴ്സ്, ഇപ്പോൾ ഗവൺമെന്റ് സഹകരണ ആശുപത്രിയിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. IELTS പാസ്സായവർക്ക് മുൻഗണന.
**ഫോൺ: 9037774233, 9495538923**

---

Christian pentecostal missionary parents from Pathanamthitta District invites proposal for their daughter 26 years, 5.1" born and brought up in north India with high spiritual and moral values, B.Sc Nurse with Three and a half years experience, IELTS score 7 and above individual and 8 over all, from christian pentecostal parents parents of educationally qualified boys with spiritual and moral values. Interested parties may send their photos with bio data to e-mail:
**pastorrajangeorge@yahoo.com or call 098930-22112.**

---

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 28, +2, സുവിശേഷ വേലക്കാരായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9656036651**

---

പെന്തെക്കോസ്ത് യുവാവ് 33, 5'9, +2, Diploma in Mission, BTh, BA in Ministry. സുവിശേഷകൻ. പ്രൊഫഷണൽ വിദ്യാഭ്യാസം (Nursing/Engineering) ഉള്ളതും സുവിശേഷവേലക്ക് സമർപ്പണമുള്ളവരുമായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**09847683343**
**Email & facebook - rajeshre1979@gmail.com**

---

ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 23, 163cm BSc Nurse പ്രശസ്തമായ ഒരു ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന.
**9526495025**

---

Born again baptized ornament wearing girl attending independent church 31, 155cm, medium complexion, MSc Food & nutrition, employed at MNC Kochi. Seeking alliance from suitable boys with good spiritual values & educational qualification. Preferring proposals from abroad
**9846576545**
**jolly951@gmail.com**

---

പെന്തെക്കോസ്ത് യുവതി 28, 5'2, എംജി യൂണിവേഴ്സിറ്റിയിൽ ഫിസിയോ തെറാപ്പിസ്റ്റായി ജോലി ചെയ്യുന്നു. ഇന്ത്യയിലോ പുറത്തോ ജോലിയുള്ള അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**09745154021**

---

നല്ല ആത്മിക നിലവാരം പുലർത്തുന്ന സുന്ദരിയായ ക്രിസ്ത്യൻ ചേരമർ പെന്തെക്കോസ്ത് യുവതി 25, 5'3, M.A.B.Ed (English), BCA, ഇപ്പോൾ M.A.Philosophy-ക്ക് പഠിക്കയും മാനേജ്മെന്റ് കോളജിൽ ഇംഗ്ലീഷ് ലക്ചറർ ആയി ജോലി ചെയ്യുകയും ചെയ്യുന്നു. ജോലിയുള്ള അനുയോജ്യരായ പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9526391984**

---

Syrian Christian Pentecostal parents invite proposals for their daughter 29/164cm, BSc MLT, working in Gulf (Oman) from employed, professionally qualified boys in India or abroad.
**9388553490, 9747765539**

---

ഈഴവ കുടുംബത്തിൽ നിന്ന് രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് വിശ്വാസത്തിൽ നില്ക്കുന്ന പെന്തെക്കോസ്ത് യുവാവ് 35, 5'7, ITI, സൗദി അറേബ്യയിൽ ജോലി, ഇപ്പോൾ നാട്ടിൽ സുവിശേഷവേലക്ക് സമർപ്പിച്ചിരിക്കുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 04735-326735, 9526832014**

---

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 25, 5'2, B.Tech, എറണാകുളത്ത് ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9947406806, 0485-2893560**

## അസംബ്ലീസ് ഓഫ് ഗോഡ് ദക്ഷിണമേഖല കൺവൻഷൻ സമാപിച്ചു

തിരുവനന്തപുരം: അസംബ്ലീസ് ഓഫ് ഗോഡ് ദക്ഷിണമേഖല കൺവെൻഷൻ മെയ് 2 – 5 വരെ കാട്ടാക്കട ക്രിസ്ത്യൻ കോളേജ് അങ്കണത്തിൽ നടന്നു. മേഖലാ ഡയറക്ടർ പാസ്റ്റർ എൻ.ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ വിടിഎബ്രഹാം, പാസ്റ്റർ എൻ.പീറ്റർ എന്നിവർ മുഖ്യ പ്രഭാഷണം നടത്തി. വിമൻസ് മിഷനറി കൗൺസിൽ സമ്മേളനവും സണ്ടേസ്കൂൾ വാർഷികയോഗവും ക്രൈസ്റ്റ് അംബാസഡേഴ്സ് സംഗമവും നടന്നു. കൺവെൻഷനു മുന്നോടിയായി മേഖലാ സി.എ യുടെ ആഭിമുഖ്യത്തിൽ റാലി നടന്നു. പാസ്റ്റേഴ്സ് പി.കെ.യേശുദാസ്, ബിജുദാനം, ബി.സി.ചന്ദ്രൻ എന്നിവർ പൊതുയോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു.

**ആതുരസേവനം ചെയ്യാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ടോ?**

**ഉണ്ടെങ്കിൽ അതിന് നവീനമാർഗ്ഗം 'നേഴ്സിംഗ് പ്രൊഫഷൻ' തന്നെ...**

കേരളത്തിലെ പ്രശസ്ത വിദ്യാഭ്യാസ ചാരിറ്റി ഇൻസ്റ്റിറ്റ്യൂഷന്റെ ധനസഹായത്തോടെ 50% ഫീസ് സൗജന്യത്തോടുകൂടി B.Sc. നേഴ്സിംഗ്, ജനറൽ നേഴ്സിംഗ് കോഴ്സുകൾ പഠിക്കാൻ വിശ്വാസികളായ വിദ്യാർത്ഥികൾക്ക് സുവർണ്ണാവസരം. Call : 9567560072, 9447387449.

Only Limited Seats

## സുവിശേഷ വാഹനയാത്ര

അയർക്കുന്നം യഹോവ ശമ്മ ഗോസ്പൽ ടീമിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 20 ശനി മുതൽ 28 ഞായർ വരെ വാഹനത്തിൽ സഞ്ചരിച്ച് പരസ്യ യോഗവും സംഗീത ശുശ്രൂഷയും ട്രാക്റ്റ് വിതരണവും സൗജന്യമായി പുതിയ നിയമവും വിതരണം നടത്തി. 69-ാം വയസ്സിൽ പാസ്റ്റർ പി.കെ.ജോൺസൺ വാഹനം ഓടിച്ച് സുവിശേഷ ദൗത്യം ആരുടെയും ശമ്പളമോ സഹായമോ ഇല്ലാതെ വിശ്വാസത്താൽ നടത്തുന്നു. ചില സുവിശേഷ യാത്രയിൽ ചിലർ ഭക്ഷണവും, പെട്രോളും തന്നു സഹായിച്ചിട്ടുണ്ട്. 44 വർഷമായി ആരെയും ആശ്രയിക്കാതെയും, ചോദിച്ചു വാങ്ങാതെയും ക്രിസ്തീയ മിഷനറി പ്രവർത്തനം ചെയ്യുന്നു. പരസ്യയോഗങ്ങൾ നടത്തിയ സ്ഥലങ്ങൾ ചാമംപതാൽ, മണിമല കുരിശുപള്ളി കവല, കറിക്കാട്ടൂർ കുരിശുപള്ളി കവല, പൊന്തൻപുഴ കോളനി, വലിയകാവ് കവല, ചെത്തോങ്കര കവല, ഇട്ടിയപ്പാറ ജംഗ്ഷൻ, പത്തനാപുരം ജംഗ്ഷൻ, തെന്മല, കുളത്തൂപ്പുഴ ഇ.എസ്.എം.കോളനി, സാം നഗർ ജംഗ്ഷൻ, വട്ടക്കരിക്കം, തിങ്കൾക്കരിക്കം, ചന്ദനക്കാവ് ജംഗ്ഷൻ, ആയൂർ ജംഗ്ഷൻ, കൊട്ടാരക്കര സദാനന്ദപുരം ജംഗ്ഷൻ, കരിക്കം വൈ.എം.സി.എ.ജംഗ്ഷൻ സംഗീതവും, സാക്ഷ്യവും വചന ശുശ്രൂഷയും ശുശ്രൂഷിച്ചു. പരസ്യയോഗത്തിൽ ചിലർ പ്രാർത്ഥനക്കായി മുന്നോട്ടു വന്നു. ഞാൻ എഴുതിയിട്ടുള്ള 26 ലഘുലേഖകളിൽ 12 എണ്ണം സൗജന്യവിതരണത്തിന് വേണ്ടവർ 100, 200 രൂപാ മണിയോർഡർ അയച്ചാൽ കൊരിയറിൽ അയക്കുന്നതാണ്. ഞാൻ കണ്ട യിസ്രായേൽ എന്ന പുസ്തകം 65 രൂപയും, സാത്താന്റെ ശക്തിയും, പരിശുദ്ധാത്മാവിന്റെ ശക്തിയും എന്ന പുസ്തകം 22 രൂപാ മണിയോർഡർ അയച്ചാൽ ലഭിക്കും. സുവിശേഷ പ്രകാശനം ഉള്ള ദൈവമക്കൾ പ്രാർത്ഥിക്കുക, സഹകരിക്കുക.

**പാസ്റ്റർ പി.കെ.ജോൺസൺ, പാറപ്പള്ളിൽ ഹൗസ്, അയർക്കുന്നം പി.ഒ., കോട്ടയം, കേരള 686 564. ഫോൺ: 0481-2542104, 9847121065**

**ഐ.പി.സി ശാലോം ഫെലോഷിപ്പ് ആരാധന പുതിയ സ്ഥലത്തേക്ക്**

- 'യഥാർത്ഥ പെന്തക്കോസ്ത്' അഭിഷേകത്തിന്റെ ആരാധന
- 'യഥാർത്ഥ പെന്തക്കോസ്ത്' ഉപദേശങ്ങളുടെ വചനശുശ്രൂഷ
- 'യഥാർത്ഥ പെന്തക്കോസ്ത്' അനുഭവങ്ങളുടെ കൂട്ടായ്മ

IPC SHALOM FELLOWSHIP
*real pentecostals*

എല്ലാ ഞായറാഴ്ചയും ആരാധന 9 മുതൽ 10.30 വരെ ഇംഗ്ലീഷിലും 10.30 മുതൽ 12 വരെ മലയാളത്തിലും.

ഐ.പി.സി ശാലോം ഫെലോഷിപ്പ് വൈറ്റിലയിൽ എൻ.എച്ച്. ബൈപാസ് ഓവർ ബ്രിഡ്ജിന് താഴെ I Drive പാർക്കിംഗ് സമീപത്ത് നടന്നുകൊണ്ടിരുന്ന ആരാധന വൈറ്റില ജനതാ റോഡിലേക്ക് മാറ്റിയിരിക്കുന്നു.

Ph: 9847748079, 9895591379,
E-mail: shalomvyttila@hotmail.com, Web: www.shalomprayercentre.org

**21-ാം വർഷം**

മണിമലയാറിന്റെ തീരത്ത് ആത്മീയ ആരാധനക്ക്
**ഐ.പി.സി ബഥേൽ വർഷിപ്പ് സെന്റർ**
ലയൺസ് ക്ലബിന് സമീപം, മണിമല



കൃപാവരശുശ്രൂഷകൻ
**പാസ്റ്റർ സജി പി എബ്രഹാം (കാനം സജി)** നേതൃത്വം നൽകുന്നു. ഫോൺ: 9846184544

ആരാധന: ഞായർ 10.00-1.00
സണ്ടേസ്കൂൾ 9.00-10.00
ഉപവാസയോഗം: വെള്ളി 10.30-1.00

**ആരാധന – വിടുതൽ – ദൈവീക ആലോചന**

## നിയമിച്ചു

കല്ലിശ്ശേരി: സി.സി.വൈ.എം. നാഷണൽ കോ-ഓർഡിനേറ്റർ ആയി പാസ്റ്റർ ജോൺ പി. തോമസിനെ നിയമിച്ചു. കേരളാ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ആയിരുന്നു. ഡൽഹി - ലക്ഷ്മിനഗർ ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് ശുശ്രൂഷകനും, പത്രപ്രവർത്തകനും, വേദാധ്യാപകനുമാണ്.




**INTERNATIONAL REVIVAL CHURCH, TORONTO**

P.O. BOX 30074, 5035 Hurontario St., Mississauga, ON L4W 0B0, CANADA.
WORSHIP PLACE: 4150 Chesswood Dr. North York, ON M3J 2B9

*Sunday Worship Service:*
Malayalam 9.00 a.m. - 10.15 a.m.
English 11.00 a.m. - 12.30 p.m.
Sunday School 10.15 a.m. - 11.00 a.m
Cottage Meeting: Friday 7.30 p.m. - 9.30 p.m.
Saturday Prayer Meeting: 7.30 p.m. - 9.30 p.m.
Youth Meeting/Ladies meeting:
2nd Saturday 7.30 p.m. - 9.30 p.m.



*Pastor John Thomas (647) 833 9744*
pastorjt@irctoronto.com Web:**www.irctoronto.com**

WHEN YOU ARE IN TORONTO, JOIN US FOR INDEPTH STUDY OF THE WORD AND SPIRITFILLED WORSHIP IN A FAMILY ATMOSPHERE.

▶▶No. 1 Christian Newspaper
**HALLELUJAH** *Fortnightly*
Mob: 9349500155, 0469-3290355

Hallelujah
Periyillathu Thoppil Complex
Near YMCA, Tiruvalla - 689 101
Pathanamthitta, Kerala, India.
hallelujahnews@gmail.com

Reg. No. **KL/KTM/209/2012-14**
Licence No. **KL/CR/KTM/WPP-28/2012-14**
Licensed to Post without Prepayment
Posted on **1th June 2013 at RMS Kottayam**



തിരുവല്ല: സത്യം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച മേരിക്കുട്ടി വടവന രചിച്ച 'വാഗ്ദത്ത നാട്' എന്ന പുസ്തകത്തിന്റെ പ്രകാശനം നിർവ്വഹിച്ചു. സത്യം മിനിസ്ട്രീസിന്റെ സിൽവർ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് സത്യ കൂടാരത്തിൽ നടന്ന ചടങ്ങിൽ ബിഷപ്പ് റൈറ്റ് റവ.തോമസ് ഏബ്രഹാം പുസ്തകത്തിന്റെ ആദ്യകോപ്പി രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ.പി.ജെ. കുര്യന് നൽകി പ്രകാശനം ചെയ്തു.

## ഡോക്ടറേറ്റ് ലഭിച്ചു



കുമ്പനാട്: പൂവത്തൂർ പെനിയേലിൽ റ്റി.വി.തോമസിന്റെയും മിസിസ് ജൂഡി തോമസിന്റെയും മകനായ അജു സാമുവേൽ തോമസിന് കേരളാ സർവ്വകലാശാലയിൽ നിന്നും ലിംഗ്വിസ്റ്റിക്സിൽ ഡോക്ടറേറ്റ് ലഭിച്ചു. പൂവത്തൂർ ഇന്ത്യാ ദൈവസഭാംഗമാണ്. ഇപ്പോൾ ഒമാനിൽ ഗവൺമെന്റ് കോളജ് ലക്ചററായി ജോലി ചെയ്യുന്നു.

## സമാധാന മഹോത്സവം സമാപിച്ചു



അങ്കമാലി: പാപാന്ധകാരം നിറഞ്ഞ ഈ ലോകത്തിൽ നിന്നും അനേകരെ ക്രിസ്തുവിങ്കലേക്ക് നയിക്കുവാൻ നമ്മുടെ ആത്മിക ദൃഷ്ടി പ്രകാശിക്കേണ്ടിയിരിക്കുന്നുവെന്ന് അന്തർദേശീയ സുവിശേഷ പ്രഭാഷകൻ ഡോ.റോബർട്ട് കൺവിൽ പറഞ്ഞു. ബില്ലിഗ്രഹാം ഇവാഞ്ചലിസ്റ്റിക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മെയ് 10-12 വരെ അങ്കമാലിയിൽ നടന്ന സമാധാന മഹോത്സവം-ആത്മിയ സംഗമത്തിൽ പ്രസംഗിക്കുകയായിരുന്നു ഡോ.റോബർട്ട്. പാസ്റ്റർ കെ.എം.ജോസഫ് ഉദ്ഘാടനം ചെയ്തു. ഡോ.സെബാസ്റ്റ്യൻ ജോസഫ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.




Most **respected Health Care careers** @ ITM

**B.Sc. Nursing : 4 yrs**

**(Affiliated to MUHS Nashik, approved by Maharashtra Govt. and recognized by Indian Nursing Council)**

**Eligibility:**
- Min 17 yrs of age
- 10 + 2 (Science) or equivalent from a recognized board/university with min 45% and should have appeared for NEET

For admissions contact
Mr. Finny Varghese 9744863490 / 9447025386.

ITM - Institute of Health Sciences
Campus - Sector No.12, Plot no.11, Near Ayyapa Temple, New Panvel, Dist. Raigad- 410206.
☎ 022 64506859 / 074980 97541 / 074989 81627 / 090229 52590

മദ്ധ്യതിരുവിതാംകൂറിന്റെ **വിദേശയാത്രാ**
സേവനരംഗത്ത് വർഷങ്ങളുടെ അനുഭവസമ്പത്ത്



- ഡൊമസ്റ്റിക്ക് & ഇന്റർനാഷണൽ എയർ ടിക്കറ്റ്
- അമേരിക്കൻ വിസ പ്രോസസ്സിംഗ്
- കുവൈറ്റ്, ഒമാൻ, യു.എ.ഇ., ഖത്തർ, സൗദി എന്നീ രാജ്യങ്ങളിലേക്ക് വിസിറ്റ് വിസകൾ
- എല്ലാ രാജ്യങ്ങളിലേക്കുമുള്ള ടൂർ പാക്കേജ്.
- പാസ്പോർട്ട്, എമിഗ്രേഷൻ, വിസാ സ്റ്റാമ്പിംഗ്.

അമേരിക്ക വിസിറ്റ് വിസ അപ്പോയിൻമെന്റ്

**COSMIC AIR TRAVELS**
First Floor, Pothiricans Building
Near KSRTC Bus Stand, Thiruvalla, Kerala 689 101
Ph: 0469-2700230, 2730320, Mob: 9446456320
Mob: 94470 56320, 9447156320, 9847056320
E-mail: cosmicairtravel@yahoo.com
cosmicairtravel@gmail.com

**SOUL WINNERS INDIA**
**Bethel Bible College**
[Affiliated to IATA & Called To All Nations Ministries (USA) ]
GRATE OPPORTUNITY FOR NORTH INDIAN MINISTRY !



Rev. K.G Easo
Founder and Director

| Course Offered | Duration | Qualification |
|---|---|---|
| Certificate in Theology (C.th) | 1 year | 10th class |
| Diploma in Theology (Dip.Th) | 2 Year | 10th class |
| Bachelor of Theology (B.Th) | 3 year | Plus Two Pass |

Medium instruction Local Language + English

**OUR FEATURES** • High qualified, experienced and committed faculty • Calm and quit campus with spiritual atmosphere • Daily spiritual activities • Free accommodation, Food and study materials.




Graduates and faculty -2011-'12

*For more information and application write to:*

The Registrar, SWI Bethel Bible College, Surana Nagar, Barwaha, MP, Pin: 451115, Phone: 07280-222592, 09981571723, 09926702063.

The registrar SWI Bethel bible college, Arannottimangalam P.O, Mavelikara, Alappuzha Dist, Kerala Pin: 690110, Phone : 0479-2356706, 2357050, 09495439140, 09847546700, 09497010138





റവഃ കെ. ജി ഈശോയുടെ ആത്മകഥ

സോൾ വിന്നേഴ്സ് ഇൻഡ്യാ സ്ഥാപക ഡയറക്ടർ റവഃ കെ.ജി ഈശോയുടെ സംഭവബഹുലമായ 47 വർഷത്തെ വടക്കേ ഇൻഡ്യൻ സുവിശേഷികരണ അനുഭവങ്ങൾ അടങ്ങിയ 'എന്റെ ജീവിതയാത്ര' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. കേവലം ആത്മകഥ എന്നതിലുപരി സോൾ വിന്നേഴ്സ് ഇൻഡ്യയുടെ ഒരു ചരിത്രഗ്രന്ഥം കൂടിയാണ്.

കോപ്പികൾ ആവശ്യമുള്ളവർ ബന്ധപ്പെടുക.
Ph: 07280222592, 09981571723, 08943724555 e- mail ID : kg.easo@gmail.com

**BHARATI VIDYAPEETH DEEMED UNIVERSITY**
College OF Nursing, Pune, Navi Mumbai, Sangli
'A' Grade By MHRD Govt. of India
Reaccredited with 'A' Grade by NAAC

1964 2014 celebrating BHARATI VIDYAPEETH
Founder Hon. Dr. Patangrao Kadam

**21 YEARS OF ACADEMIC EXCELLENCE**

Applications are invited for all India Common Entrance Test for under-graduate programs and post-graduate programs in Nursing. Bharati Vidyapeeth Deemed University College of Nursing, Pune is the pioneer Institute in Nursing Education with state of art, research facilities with competent mentors. The institute is recognized by both state and National regulatory bodies.

| Courses | Last date of Submission of Application form | Entrance test date | Counseling Date |
|---|---|---|---|
| B. Sc. Nursing | 08th June 2013 | 16th June 2013 | 01st & 02nd July 2013 |
| P.B. B. Sc. Nursing | | | |
| M. Sc. Nursing | | | 10th July 2013 |

Designated CET centers: **New Delhi, Pune, Navi Mumbai, Sangli & Kerala**
**CET Centre in Kerala (Kottayam):**
**M.D. Seminary Higher Secondary School, Near Manorama Junction, K.K. Road, Kottayam - 686001**

Spotlight:
1. 900 bedded multi-specialty parent hospital
2. Hostel facilities with modern amenities
3. Skilled workshops for the students
4. Guidance for oversees examinations and placements.
5. Co-curricular and NSS activities.
6. Campus recruitments and Placement Assistance

*For further details & issue of Prospectus:*
Dr. Sneha Abhay Pitre, Principal, BVDU College of Nursing, Pune
Ph: 020 – 24372496/98
*Faculties:*
Toms Mathew : 09766934913, 09567579186
Sebin Lanithottam : 09405617067
Jomy Abraham : 09975947549, 08891439218

*For further information related to CET & Online application:*
Website: **www.bharatividyapeethuniversity.net www.bvuniversity.edu.in**
Telephone: 020 – 24407163


PRINTED,PUBLISHED & OWNED BY PLENCY GEORGE AND PRINTED AT MANGALAM PRESS, S.H.MOUNT .P.O.KOTTAYAM, KERALA-686 006 . AND PUBLISHED FROM HALLELUJAH, P.O.BOX.NO.1, PERIYILLATHU THOPPIL COMPLEX, TIRUVALLA,PATHANAMTHITTA DISTRICT,KERALA-689 101. EDITOR: SAMKUTTY M.CHACKO.